
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 03 No. 46 | THE ONLINE OFFICIAL NEWS BULLETTIN | 2020 December 12

SEASON OF ANNUNCIATION | അറിയിപ്പുകാലം | ܥܕܢܐ ܕܣܘܒܪܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
13   ♪7 Galyono d-yawseph Kino Revelation to St. Joseph 30th Mem. of Daniel Mar Philoxenos (Pathanamthitta Basil Dayara)	14  ♪3 103rd Memorial of Paulose Mar Coorilos Metropolitan (Panampady)	15 ♪7	16 ♪3	17  ♪7 92nd Mem. of H.H. Baselius Geevarghese I (Vallikkattu Dayara)	18  ♪3 Comme. of St. Thomas the Apostle (The day St.Thomas was pierced by the lance of heathens) COMMEMORATION OF ST. THOMAS THE APOSTLE	19 ♪7



 പ. ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ കോട്ടയം മുട്ടമ്പലം സ്കൂളിൽ സമ്മതിദാന അവകാശം രേഖപ്പെടുത്തുന്നു.



കൊച്ചി ഭദ്രാസന അധിപനും, ഇടവക മെത്രാപ്പോലീത്തായുമായ ഡോ. യാക്കോബ് മാർ ഐറേനിയോസ് ഡിസംബർ 06-ന് മുളന്തുരുത്തി മാർത്തോമൻ പള്ളിയിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചു.



 പ. ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ 45ാം ഓർമ്മ പെരുന്നാൾ പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ മുഖ്യ കാർമികത്വത്തിൽ സമുചിതമായി നടത്തപ്പെട്ടു.




മുളന്തുരുത്തി മാർത്തോമ്മൻ ഓർത്തഡോക്സ് പള്ളി ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ ഡിസംബർ 7-ന് സന്ദർശിച്ചു.

Published by Dr. Geevarghese Mar Yulios Metropolitan on behalf of MOSC Media Department

ആരാധനാ കലണ്ടർ

സ്വപ്നങ്ങൾ കാണുക; വെളിപാടുകൾ ഉൾക്കൊള്ളുക

ഡോ. ഗീവർഗീസ് മാർ യൂലിയോസ്



നീതിമാനായ യോസേഫിനുണ്ടായ വെളിപ്പാടണല്ലോ ഈ ആഴ്ചയിലെ പ്രധാന ധ്യാനചിന്ത (വി. മത്തായി 1:18–25). സ്വപ്നങ്ങൾ കാണുവാനും അവയിലെ വെളിപ്പാടുകളെ ശ്രദ്ധിക്കുവാനും നമ്മെ ഏറെ പ്രോത്സാഹിപ്പിക്കുന്ന ഒരു സംഭവമാണിത്.

ജീവിതത്തിൽ പ്രതിസന്ധികളും വൈതരണികളും അനിവാര്യമാണ്. നീതിപൂർവ്വമായ ആത്മീയ ജീവിതം നയിക്കുന്നവർക്ക് പ്രതിസന്ധികൾ കൂടുതൽ ഉണ്ടാകുന്നതായാണ് വേദപുസ്തക ചരിത്രം നമ്മെ കാണിക്കുന്നത്. എന്നാൽ അവയെ എങ്ങിനെ സമചിത്തതയോടെ അഭിമുഖീകരിച്ച് നന്മയാക്കി തീർക്കാം എന്നതിന്റെ ഉത്തമ ഉദാഹരണമാണ് നീതിമാനായ യോസേഫ്.

ഗോത്രപിതാവായ യോസേഫും ഒരു സ്വപ്നക്കാരനായിരുന്നു. തന്റെ സ്വപ്നം സഹോദരന്മാരോട് പങ്കുവച്ചപ്പോൾ അവർക്ക് അവനിൽ അസൂയ തോന്നി. പൊട്ടകിണറ്റിൽ എറിയപ്പെടുന്നത്, മിദ്യാന്യർക്ക് വില്ക്കപ്പെടുന്നത്, കാരാഗ്രഹവാസം, രാജകൊട്ടാരത്തിലെ അനുഭവങ്ങൾ എന്നിങ്ങനെ പ്രതിസന്ധികളുടെ തീരാകയത്തിലൂടെയായിരുന്നു പിന്നീട് ജീവിതം. എന്നാൽ തന്റെ സ്വപ്നങ്ങളെ ഭത്സിക്കുന്നതിനു പകരം അതിനെ ധ്യാനിക്കുവാനും അങ്ങിനെ സ്വപ്നവ്യാഖ്യാനിയാകുവാനും ഒടുവിൽ ആദ്യം മിസ്രയീമിന്റെയും പിന്നീട് ഇസ്രായേലിന്റെയും രക്ഷകനായി ജനത്തെ നയിക്കുവാനും അവന് കഴിഞ്ഞു.

ദൈവ വചനത്തിനായി കാതോർക്കുകയും അതിൻപ്രകാരം ഒരു ജനതയെ നടത്തുകയും ചെയ്ത ശമുവേൽ പ്രവാചകന്റെ രണ്ടാം പുസ്തകത്തിൽ നിന്നുമാണ് രണ്ടാം പഴമ വായന. “യഹോവേ അരുളിചെയ്യണമെ; അടിയൻ കേൾക്കുന്നു” എന്നതാണ് ശമുവേൽ എന്ന വ്യക്തിത്വം. നിന്നോട് സംസാരിക്കുവാനായി നിന്നെ വിളിക്കുന്നത് യഹോവയായിരിക്കുമെന്ന് അദ്ദേഹത്തിന്റെ ബാല്യത്തിൽ അവനെ പഠിപ്പിക്കുന്നത് അവന്റെ ഗുരുവാണ്. ദൈവത്തിൽ നിന്നും കേട്ടുപഠിച്ചവന്റെ പ്രബോധനമാണ് നാം ധ്യാനിക്കുന്നത്; ദൈവ സ്വഭാവം ആണ് അവിടെ വർണ്ണിക്കുന്നത്. ദയാലുവിനോട് ദയാലുവും നിഷ്കളങ്കനോട് നിഷ്കളങ്കനും നിർമ്മലനോട് നിർമ്മലനും വക്രനോട് വക്രനുമായി ദൈവം പ്രവർത്തിക്കും. എളിയ ജനത്തെ അവൻ രക്ഷിക്കും. നിഗളിച്ച് നടക്കുന്നവരെ താഴ്ത്തും. പ്രതിസന്ധികളാകുന്ന പടക്കൂട്ടത്തിന്റെ നേരെ പൂർണ്ണസമചിത്തതയോടെ പാഞ്ഞുചെല്ലുവാൻ ആഹ്വാനം ചെയ്യുന്ന സമുവേൽ ‘എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടികടക്കും’ എന്ന് പ്രഖ്യാപിക്കുന്നു. തീവ്ര പ്രതിസന്ധികളാകുന്ന ദുർഘടങ്ങളെ ദൈവാശ്രയത്താൽ ചാടിക്കടന്ന് നന്മയെ കണ്ടെത്തുന്ന നീതിമാനായ യോസേഫിനെ ധ്യാനിക്കുന്നതിന് ഏറെ അനുയോജ്യമായ വേദഭാഗമാണിത്.

യെശയ്യാ പ്രവാചകനാകട്ടെ (45, 46 അദ്ധ്യായങ്ങൾ) എങ്ങിനെ നന്മയെ തിരിച്ചറിഞ്ഞ് അതിനെ ധ്യാനിക്കുകയും അനുസരിക്കുകയും അതിൻപ്രകാരം ജീവിതം ക്രമീകരിക്കുകയും ചെയ്യണമെന്ന സന്ദേശമാണ് നൽകുന്നത്.


ക്രിസ്തുവിൽ ആരംഭിച്ച ദൈവരാജ്യത്തെ കുറിച്ചുള്ള വ്യക്തവും ശക്തവുമായ സന്ദേശമാണ് പ. പത്രോസ് ശ്ലീഹായുടെ പൊതുലേഖനത്തിൽ ശ്രവിക്കുന്നത് (1 പത്രോസ് 2:1–10): “ഞാൻ ശ്രേഷ്ടവും മാന്യവുമായ ഒരു മൂലക്കല്ലു സിയോനിൽ ഇടുന്നു; അവനിൽ വിശ്വസിക്കുന്നവൻ ലജ്ജിച്ചുപോകയില്ല” എന്നും എന്നാൽ വിശ്വസിക്കാത്തവൻ ഇടറിപോകുന്നുവെന്നും വായിക്കുന്നു. ആരാണ് യഥാർത്ഥ ക്രിസ്ത്യാനിയെന്ന പ്രസിദ്ധ നിർവചനമാണ് പിന്നീട് കാണുന്നത്. “നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പത്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്ത ജനവും ആകുന്നു. മുമ്പെ നിങ്ങൾ ജനമല്ലാത്തവർ, ഇപ്പോഴോ ദൈവത്തിന്റെ ജനം; കരുണ ലഭിക്കാത്തവർ; ഇപ്പോഴോ കരുണ ലഭിച്ചവർ തന്നേ.”



തീവ്ര യഹൂദനിൽ നിന്നും മാനാസാന്തരപ്പെട്ട് ക്രിസ്തുവിന്റെ ദാസനും സുവിശേഷകനുമായി തീർന്ന പൗലോസ് ശ്ലീഹായുടെ കുമ്പസാരമാണ് അദ്ദേഹം ഗലാത്യരോട് നടത്തുന്നത് (1:11–24). തന്റെ യുക്തികൊണ്ടല്ല, മറിച്ച് ദൈവകൃപയാൽ നടന്ന ഈ മാറ്റത്തിൽ ആശ്ചര്യപ്പെടുവാൻ മാത്രമേ അദ്ദേഹത്തിന് കഴിയുന്നുള്ളൂ! ജനനം മുതൽ തന്നെ വേർതിരിച്ച് കൃപയിൽ വളർത്തിയ ദൈവമാണ് ഈ മാറ്റത്തിലേക്ക് തന്നെ നയിച്ചത് എന്ന് അദ്ദേഹം തീർത്തും വിശ്വസിക്കുന്നു. അന്ധകാരത്തിൽ നിന്നും തന്റെ അത്ഭുതപ്രകാശത്തിലേക്കുള്ള സാർവ്വത്രികയാത്രയാണ് ഇന്ന് ആരംഭിക്കുന്നത്. സൃഷ്ടി മുഴുവൻ അങ്ങോട്ട് യാത്ര ചെയ്യുന്നതിന്റെ സൂചനയാണ് കിഴക്കുദിച്ച നക്ഷത്രം. അതിനെ അനുധാവനം ചെയ്തുകൊണ്ട് പൗരസ്ത്യനാടുകളിൽ നിന്നും വിദ്വാൻമാർ. ഇവരെല്ലാം എത്ര വർഷങ്ങൾ, നൂറ്റാണ്ടുകൾ യാത്രചെയ്തുവെന്ന് ക്ലിപ്തപ്പെടുത്തുവാൻ പ്രയാസം. എന്നാൽ എന്തിനാണ് അവർ അപ്പത്തിന്റെ നാടായ ബേത്ലഹേമിൽ എത്തുന്നതെന്നാണ് പ്രഭാത ഏവൻഗേല്യോനിൽ വി. യോഹന്നാൻ ശ്ലീഹാ ക്രിസ്തുവിനെ തന്നെ ഉദ്ധരിച്ചുകൊണ്ട് വ്യാഖ്യാനിക്കുന്നത്. ജീവന്റെ അപ്പമായവനിൽ എത്തിചേരുകയാണ് ലക്ഷ്യം. അവന്റെ അടുക്കൽ എത്തുന്നവന് പിന്നെ വിശപ്പോ, ദാഹമോ ഇല്ല. സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്ന ഈ അപ്പത്തെ യഹൂദർ നിഷേധിക്കുന്നു; എന്നാൽ ഇത് പ്രാപിക്കുവാൻ ലോകം മുഴുവനും ആദ്യം ബേത്ലഹേമിലേക്കും പിന്നീട് അവനോടൊപ്പം സഹനവഴികളിലൂടെ കാൽവരിയോളവും യാത്രചെയ്യുന്നു; അതി തീവ്ര കാല്പനികഭാവത്തിലാണ് കവികൾ ഈ യാത്ര വർണ്ണിച്ചിരിക്കുന്നത് എന്നതും ശ്രദ്ധേയം: “ദുർഘമ മാർഗ്ഗങ്ങളിലൂടെ ചോരന്മാരെ കൂസാതെ....”യാണ് ഈ യാത്ര. എന്നാൽ എല്ലാവരും ബേത്ലഹേമിൽ എത്തുന്നതിനു മുമ്പായി ഉദരത്തിൽ ഉരുവായ വചനം അവിടെയെത്തണം; ഇല്ലെങ്കിൽ എല്ലാം വ്യർത്ഥം. അവിടെയാണ് യോസേഫിന്റെ ധ്യാനവും സ്വപ്നവും വെളിപ്പാടും അർത്ഥമുള്ളതായി തീരുന്നത്.

❑

ലേഖനം



"തിരിച്ചറിവുകൾ തിരുത്തലിലേക്ക് നയിക്കട്ടെ"

– ഡോ. തോമസ് മാർ അത്താനാസിയോസ്

അടുത്ത കാലത്ത് നടന്ന രണ്ട് സംഭവങ്ങൾ സഭാ സമാധാനം സംബന്ധിച്ച് വീണ്ടും ചില ചിന്തകൾ എന്നിൽ സൃഷ്ടിച്ചു. അതിൽ ഒന്ന്, കേരള മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന ചർച്ചയാണ്. രണ്ട്, ഓർത്തഡോക്സ് സഭയിലെ സമാധാനകാംക്ഷികളായ അത്മായക്കാരുടെ താത്പര്യത്തിൽ നടന്ന സമാധാന അന്വേഷണ ശ്രമം ആയിരുന്നു. ഇവയിൽ നിന്നും എനിക്ക് ബോധ്യപ്പെട്ട ചില കാര്യങ്ങൾ ആദ്യം തന്നെ കുറിക്കട്ടെ.

1, സഭാ ഐക്യം സമാധാനത്തിന് അനിവാര്യമാണ് എന്ന ചിന്ത ഇതുവരെ പാത്രിയർക്കീസ് കക്ഷിക്ക് ബോധ്യപ്പെട്ടിട്ടില്ല. എങ്ങനെ കോടതി വിധി അവഗണിച്ച് പള്ളി നഷ്ടപ്പെടാതെ പിരിയാം എന്നതാണ് അവർ ഇന്നും ചിന്തിക്കുന്നത്. അതിന് ഇടവകയിൽ ഹിതപരിശോധന നടത്തുകയാണ് മാർഗ്ഗം.

2. കോടതി വിധി പ്രകാരമല്ലാതെ ഭിന്നതയ്ക്ക് പരിഹാരം ഇല്ല എന്ന കോടതിയുടെ കല്പന അവർ ശ്രദ്ധിക്കുന്നില്ല. അതുപോലെ, കോടതി വിധിയുടെ നിബന്ധിത സ്വഭാവം അവർ തിരിച്ചറിയുന്നുമില്ല.

കോടതി വിധി നാടിന്റെ നിയമമാണ് എന്നും അത് അനുസരിക്കുകയാണ് പൗരബോധം ഉള്ളവർ ചെയ്യേണ്ടതും എന്ന ചിന്തയില്ല.

3: അവർ നിർദ്ദേശിക്കുന്ന മാർഗ്ഗത്തിലൂടെ പരിഹാരം ഉണ്ടാകുന്നില്ല എങ്കിൽ സർക്കാർ പള്ളികളിൽ കോടതി വിധി നിർവ്വീര്യമാക്കുന്ന ഓർഡിനൻസ് പുറപ്പെടുവിക്കണം. അതിനാണ് ഇപ്പോൾ സമരം ആരംഭിച്ചിരിക്കുന്നത്.

4, അന്ധമായി തങ്ങളെ വിശ്വസിച്ച പാത്രിയർക്കീസ് വിഭാഗത്തെ ജനങ്ങളുടെ ഭാവിയെപ്പറ്റി നേതൃത്വത്തിന് ലവലേശം ചിന്തയില്ല. അവരെക്കൊണ്ട് പുതിയ പള്ളികൾ സൃഷ്ടിച്ച് നേതാക്കൻമാരുടെ അംഗീകാരവും സുരക്ഷിതത്വവും ഉറപ്പിക്കാനുള്ള ശ്രമത്തിലാണ് നേതൃത്വം.

5. ഓർത്തഡോക്സ് സഭയോടുള്ള വിദ്വേഷം വിശ്വാസികളിൽ വർദ്ധിപ്പിച്ച് അവരെ അക്രമാസക്തരാക്കി സംഘബോധവും കക്ഷിവൈരവും വർദ്ധിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്ക്കരിച്ച് ആത്യന്തികമായി ആ സമൂഹത്തെ ശിഥിലീകരണത്തിലേക്ക് നയിക്കുകയാണ്.

6. പ. പാത്രിയർക്കീസ് ബാവ പാത്രിയർക്കീസ് കക്ഷിയിൽ തന്റെ നിയന്ത്രണശേഷി പ്രയോഗിക്കാതെയും വിഷയത്തിൽ ഇടപെടാതെയും മാറി നില്ക്കുന്നു. ഇത് മലങ്കരസഭയിലെ വിശ്വാസികൾ സൃഷ്ടിച്ച ഭിന്നതയാണ് എന്നും തനിക്ക് ഇതിൽ പങ്കും ഉത്തരവാദിത്വവും ഇല്ല എന്ന സമീപനമാണ് അദ്ദേഹം പുലർത്തുന്നത്.

ഈ പശ്ചാത്തലത്തിൽ പാത്രിയർക്കീസ് പക്ഷത്തെ വിശ്വാസികൾ തങ്ങളുടെ ഭാവിയെപ്രതിയും സഭയുടെ നന്മയെപ്രതിയും ചിന്തിക്കേണ്ട സമയമാണ്.

മലങ്കര സഭയിലെ ഭിന്നത ഓരോ കാലത്തും സൃഷ്ടിക്കപ്പെട്ടത് എങ്ങനെയാണ് എന്നാണ് ആദ്യം അന്വേഷിക്കേണ്ട വിഷയം. അതിനുത്തരം കിട്ടിയാൽ പാത്രിയർക്കീസ് കക്ഷിക്കാരായ വിശ്വാസികൾക്ക് പ്രശ്ന പരിഹാര മാർഗ്ഗം എളുപ്പമായി. അതുകൊണ്ട് മലങ്കര സഭയിലെ ഭിന്നതയ്ക്ക് അടിസ്ഥാന കാരണം എന്തെന്ന് വസ്തുനിഷ്ഠവും നിഷ്പക്ഷവുമായ അന്വേഷണമാണ് നടക്കേണ്ടത്.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് മലങ്കര സഭയിൽ ഭിന്നത ആരംഭിക്കുന്നത്. 1909-ൽ ഇവിടെ എത്തിയ അന്ത്യോഖ്യ പാത്രിയർക്കീസ് പരി. അബ്ദുള്ള ബാവ അന്നത്തെ മലങ്കര മെത്രാപ്പോലീത്ത മാർ ദിവന്നാസിയോസ് ആറാമനെ മുടക്കിയതാണ് സഭയിൽ ഭിന്നത സൃഷ്ടിച്ച സംഭവം. 1889 ലെ റോയൽ കോടതി അന്ത്യോഖ്യ പാത്രിയർക്കീസിന് മലങ്കര സഭയിൽ ഭൗതിക–ഭരണ കാര്യങ്ങളിൽ അധികാരം ഇല്ല എന്നും സഭയുടെ ആത്മിക മേലന്വേഷണാവകാശം മാത്രമാണ് ഉള്ളത് എന്നും വിധിച്ചിരുന്നു. തുടർന്ന് 1905 ൽ ആർത്താറ്റ് പള്ളി കേസിലും സമാനമായ വിധി വന്നിരുന്നു. The church and its properties are subject to spiritual, temporal and ecclesiastial jurisdiction of the Malankara Metropolitan. ഈ കോടതി വിധി ദുർബലമാക്കി തനിക്ക് ഭൗതികവും ഭരണപരവുമായ അധികാരം മലങ്കര സഭയിൽ നേടുന്നതിനു വേണ്ടിയുള്ള തന്ത്രങ്ങൾ മെനയുന്നതിനുള്ള ശ്രമം ഇവിടെ എത്തിച്ചേർന്ന പാത്രിയർക്കീസ് ആരംഭിച്ചു. അതിനായി ഇടവക പള്ളികളിൽ നിന്നും പാത്രിയർക്കീസ് അദ്ദേഹത്തിന് വിധേയത്വം പ്രഖ്യാപിച്ച് ഉടമ്പടികൾ വാങ്ങിക്കുവാൻ തുടങ്ങി. കോടതി വിധി ദുർബലമാക്കി പാത്രിയർക്കീസ് അധികാര വർദ്ധനവിന് നടത്തിയ ഈ അനധികൃത നടപടി തടയാൻ ശ്രമിച്ചതു കൊണ്ട് മലങ്കര മെത്രാപ്പോലീത്തയെ പാത്രിയർക്കീസ് മുടക്കി. മലങ്കര സഭയിൽ ഭിന്നതയായി. തന്റെ മുടക്ക് കല്പനയ്ക്ക് നിയമപരമായ അംഗീകാരം കിട്ടുന്നതിനായി പാത്രിയർക്കീസ് കൊടുപ്പിച്ച കേസ് സംബന്ധിച്ച് 1958-ൽ അന്ത്യ വിധിയായി. അതിൻപ്രകാരം മുടക്ക് അസാധുവെന്നും മാർ ദിവന്നാസിയോസിന്റെ പിന്തുടർച്ച നിയമാനുസൃതമെന്നും 1912 ൽ ഇവിടെ സ്ഥാപിക്കപ്പെട്ട കാതോലിക്കേറ്റും 1934 ലെ സഭാഭരണഘടനയും സാധുവാണ് എന്നും കോടതി വിധിയായി. തുടർന്ന് പാത്രിയർക്കീസിന്റെയും കാതോലിക്കയുടെയും പരസ്പര സ്വീകരണത്തോടെ അരനൂറ്റാണ്ട് കാലം നീണ്ടു നിന്ന നിയമയുദ്ധത്തിന് വിരാമമായി.

1970-കളിൽ അടുത്ത ഭിന്നത ആരംഭിച്ചു. പാത്രിയർക്കീസ് ബാവ വാഴിച്ച അപ്രേം ആബൂദി തീമോത്തിയോസ് മെത്രാപ്പോലീത്ത കാതോലിക്കേറ്റിൽ പ്രവേശിച്ച് അനധികൃതമായി പട്ടം കൊടുക്കുവാൻ തുടങ്ങിയതാണ് ഇതിന് പ്രാരംഭം കുറിച്ചത്. അദ്ദേഹം വിസ നീട്ടിക്കിട്ടാതെ ഇവിടെ നിന്നും മടങ്ങിപ്പോയതിനെ തുടർന്ന് പാത്രിയർക്കീസ് ബാവ ഇന്ത്യയിൽ നിന്നുള്ള വൈദികർക്ക് മേല്പട്ടസ്ഥാനം നൽകി. 1975 ൽ സമാന്തര കാതോലിക്കേറ്റും സംവിധാനവും നിലവിൽ വന്നു.

ഇത് 1958 ലെ കോടതി വിധിക്കും സഭാ ഭരണഘടനയ്ക്കും 1964 ൽ ഉണ്ടായ പാത്രിയർക്കീസ് – കാതോലിക്ക ഉഭയ ഉടമ്പടിക്കും വിരുദ്ധമായ നടപടി ആയിരുന്നു. കാതോലിക്കേറ്റിൽ നടന്ന പാത്രിയർക്കീസിന്റെ അനധികൃത ഇടപെടലായിരുന്നു രണ്ടാമത്തെ ഭിന്നതയ്ക്കും വഴിതെളിച്ചത്.

ഭിന്നതയെ തുടർന്നുണ്ടായ വ്യവഹാരം സുപ്രീം കോടതിയിൽ എത്തി. 1995 ൽ കോടതി 1934 ഭരണഘടനയുടെ സാധുത ഒരിക്കൽ കൂടി ഉറപ്പാക്കി. കോടതി മലങ്കരസഭയിൽ പാത്രിയർക്കീസിന്റെ ഭരണഘടനാതീതമായ ഇടപെടലുകൾ തടഞ്ഞു. തുടർന്ന് മലങ്കര സഭയിൽ ഭാഗികമായ ഐക്യം നടന്നു. പൂർണ്ണമായ യോജിപ്പ് നടക്കാതിരിക്കുവാനായി പാത്രിയർക്കീസ് ഈ കോടതി വിധിയും ഭരണഘടനയും അവഗണിച്ച് ഇവിടെ വീണ്ടും ഒരു ബദൽ കാതോലിക്കേറ്റും സമാന്തര സംവിധാനവും സൃഷ്ടിച്ചു. നിയമവും കോടതി വിധിയും ധിക്കരിച്ചുകൊണ്ടുള്ള പാത്രിയർക്കീസ് ബാവായുടെ നടപടിക്കുണ്ടായ നിയമപരമായ പ്രതിരോധം ആയിരുന്നു സുപ്രീം കോടതിയിൽ നിന്നുള്ള 2017-ലെ വിധി. മലങ്കര സഭയിൽ നിയമം ധിക്കരിച്ച് ഭിന്നത സൃഷ്ടിക്കുന്നത് പ. അന്ത്യോഖ്യാ പാത്രിയർക്കീസ് ആണെന്നായിരുന്നു കോടതിയുടെ കണ്ടെത്തൽ.

ഇതിൽ നിന്നും ചില അടിസ്ഥാന നിഗമനങ്ങളിൽ എത്താവുന്നതാണ്.

മലങ്കര സഭയിലെ ഓരോ സമയത്തെയും ഭിന്നതയ്ക്ക് കാരണം പ. അന്തോഖ്യാ പാത്രിയർക്കീസിന്റെ അനധികൃതമായ ഇടപെടലാണ്. 1909-ൽ റോയൽ കോടതി വിധി ലംഘിച്ച് പാത്രിയർക്കീസ് അധികാര സ്ഥാപനത്തിന് ശ്രമിച്ചു.1970-കളിൽ കോടതിവിധിയും ഭരണഘടനയും ധിക്കരിച്ച് സമാന്തര ഭരണ സംവിധാനം സൃഷ്ടിച്ചു. 1995-ലെ കോടതി വിധി അനാദരിച്ചുകൊണ്ട് ബദൽ സംവിധാനവും ഭരണഘടനയും ഉണ്ടാക്കി.

ഇന്ത്യയുടെ നിയമ സംവിധാനത്തോടും നിയമാനുസൃതമായ സഭയിലെ ഭരണ ക്രമത്തോടുമുള്ള പ. പാത്രിയർക്കീസ് ബാവയുടെ അനാദരവും അനധികൃതമായ ഇടപെടലുമാണ് സഭയിൽ ഭിന്നത സൃഷ്ടിച്ചതും നിലനിർത്തുന്നതും. ഇത് പാത്രിയർക്കീസ് കക്ഷിക്കാർ തിരിച്ചറിയേണ്ട അടിസ്ഥാന വിഷയമാണ്.

ഇതൊക്കെ ആണെങ്കിലും അന്ത്യോഖ്യാ പാത്രിയർക്കേറ്റുമായി ഭരണഘടനാധിഷ്ഠിതമായ ബന്ധം നിലനിർത്തി സഭയിൽ സമാധാനം സംരക്ഷിക്കുന്നതിന് ഓർത്തഡോക്സ് സഭ എന്നും ഒരുക്കമായിരുന്നു. ഇന്നും അതേ നിലപാടാണ് സഭയ്ക്കുള്ളത്. പാത്രിയർക്കീസിനെ ഒഴിവാക്കാനല്ല ഓർത്തഡോക്സ് സഭ ആഗ്രഹിക്കുന്നത്. ആ ബന്ധം നിയന്ത്രിതവും നിയമാനുസൃതവും സഭാഭരണഘടന പ്രകാരവും ആയിരിക്കണം എന്ന കാര്യത്തിലാണ് മലങ്കര സഭയ്ക്ക് നിഷ്കർഷ ഉള്ളത്. ഇന്ന് ആ ബന്ധം സജീവമല്ല എന്നത് ശരിയാണ്. കാരണം , പാത്രിയർക്കീസ് ബാവ സഭയുടെ ഭരണഘടന അംഗീകരിക്കാതെ സഭയ്ക്ക് ബദൽ സംവിധാനം സൃഷ്ടിച്ച് ഭിന്നത നിലനിർത്തി വരികയാണ്. അതുകൊണ്ട് കോടതി വിധി അനുസരിച്ചും, ഭരണഘടന സ്വീകരിച്ചും, ബദൽ സംവിധാനങ്ങൾ നിറുത്തലാക്കുന്ന മുറയ്ക്ക് സഭാ ഭരണഘടന അനുസരിച്ചുള്ള ബന്ധം വീണ്ടും സജീവമാകും. അതിന് സഭയുടെ ഐക്യത്തെയും സമാധാനത്തെയും പ്രതി പാത്രിയർക്കീസ് ബാവ സന്നദ്ധനാകണം. ഐക്യ ചർച്ച ഫലപ്രദമാകണമെങ്കിൽ അദ്ദേഹം ആ തലത്തിലേക്ക് കാര്യങ്ങൾ എത്തിക്കണം. അല്ല എന്ന് വരികിൽ വിശ്വാസികൾ സഭാഭരണഘടന അംഗീകരിച്ച് മലങ്കര സഭയോട് ചേരണം.

ചുരുക്കത്തിൽ മലങ്കര സഭയിലെ ഭിന്നത ഇവിടുത്തെ വിശ്വാസികൾ തമ്മിലുണ്ടായ ഒന്നല്ല. മറിച്ച്, പ. അന്തോഖ്യ പാത്രിയർക്കീസ് ബാവ മലങ്കര സഭയുടെ സ്വതന്ത്ര നിലനില്പ്, കോടതി വിധികൾ, സഭയുടെ ഭരണഘടന എന്നിവ ലംഘിച്ച് ഇവിടെ അനധികൃതമായും, സ്വേച്ഛാധിപത്യപരവുമായി ഇടപെട്ട് അധികാര സ്ഥാപനത്തിന് തുനിഞ്ഞത് കൊണ്ടുമാത്രം സംഭവിച്ചതാണ്. അധിനിവേശ ശ്രമത്തിന്റെ ഫലമായി ഇവിടെ സൃഷ്ടിക്കപ്പെട്ട ഒരു ഉപോൽപ്പന്നമാണ് പാത്രിയർക്കീസ് വിഭാഗം.

നീതിബോധവും സ്വതന്ത്ര ചിന്തയും ഇല്ലാത്ത ഈ ആശ്രിത വിഭാഗത്തിന് സ്വയമായി പ്രശ്നം തീർക്കുവാൻ കഴിയില്ല. സമാധാനം സൃഷ്ടിക്കുവാനും ആവില്ല. കാരണം , തീരുമാന ശേഷിയുള്ള ഒരു വ്യക്തിഗത നേതൃത്വ (individual leadership) മോ, അധികാരമുള്ള ഒരു സ്ഥാപിത നേതൃത്വ (institutional leadership) മോ കാഴ്ചപ്പാടുള്ള ഒരു സഞ്ചിത നേതൃത്വ (collective leadership) മോ ഇല്ല. ഇതൊരു ഇരത്വ (victimised) സമൂഹമാണ്. മേല്പറഞ്ഞ കാര്യങ്ങൾ സഭാംഗങ്ങൾ മനസ്സിലാക്കണം. അതുകൊണ്ട് സമാധാനം ഇവരിൽ നിന്ന് പ്രതീക്ഷിക്കാനാവില്ല.

അന്തോഖ്യാ പാത്രിയർക്കീസ് ബാവായുടെ അനധികൃതവും, അവ്യവസ്ഥാപിതവുമായ ഇടപെടലിനെപ്പറ്റി അറിയാത്തവരല്ല ഇവിടുത്തെ പാത്രിയർക്കീസ് കക്ഷിക്കാർ. അവർക്ക് അത് കൃത്യമായി അറിയാം. പരസ്പരം ഈ അറിവ് അവർ പങ്കിടുകയും ചെയ്യാറുണ്ട്. അതുപോലെ തങ്ങൾക്ക് ദുരനുഭവം ഉണ്ടെങ്കിലും അന്ത്യോഖ്യാ പാത്രിയർക്കേറ്റിനോട് ആദരവാണ് ഇന്നും ഓർത്തഡോക്സ് സഭയ്ക്ക് ഉള്ളത്. അന്തോഖ്യാ പാത്രിയർക്കീസ് ബാവ അനധികൃതമായി കാതോലിക്കേറ്റിൽ ഇടപെടുന്നതിൽ മാത്രമാണ് ഓർത്തഡോക്സ് സഭയ്ക്ക് എതിർപ്പ്.

അധിനിവേശ സമീപനം അഭിമാനമുള്ള ആർക്കും ആസ്വാദ്യമാകില്ല. അതും പാത്രിയർക്കീസ് കക്ഷി മേലദ്ധ്യക്ഷന്മാർക്ക് അറിയാം. ഈ തിരിച്ചറിവുകൾ അവർക്കുണ്ടെങ്കിലും അവർ പരസ്യമായി പാത്രിയർക്കീസിനോട് കപട ആദരവ് പ്രകടിപ്പിക്കുകയും, ഓർത്തഡോക്സ് സഭാ നേതൃത്വത്തെ പാത്രിയർക്കാ വിരുദ്ധരായി മുദ്രകുത്തുകയും ചെയ്യുന്നു. തിരിച്ചറിഞ്ഞ സത്യത്തെ മൂടിവച്ച് അസത്യം പ്രഖ്യാപിക്കുന്നതുകൊണ്ട് അവരുടെ സംവിധാനം തന്നെ ഇന്ന് പ്രതിസന്ധിയിലെത്തിയിരിക്കുകയാണ്.

തിരിച്ചറിവുകളോട് സത്യസന്ധത പുലർത്താതെ സ്വയം തിരുത്താത്തിടത്തോളം കാലം ഈ സമൂഹത്തിന് ഭാവിയുണ്ടാവില്ല എന്ന് വിശ്വാസികൾ മനസ്സിലാക്കണം. പാത്രിയർക്കീസ് നേതൃത്വത്തിലുള്ള ആരും തന്നെ സത്യത്തിൽ അന്ത്യോഖ്യായോട് ആദരവുള്ളവരല്ല. കാര്യസാധ്യത്തിനായി ഓരോ കാലത്തും പാത്രിയർക്കീസിന്റെ അനധികൃത നടപടികളെ പിന്തുണച്ച് തങ്ങളുടെ കാര്യം നേടുന്നതിന് മാത്രമായിരുന്നു അവർ ശ്രമിച്ചത്. കോനാട്ട് കോരമാത്തൻ മല്പാൻ മുതൽ ഇന്നത്തെ ശ്രേഷ്ഠ കാതോലിക്കാ വരെയുള്ളവരെ ഈ ഗണത്തിൽ പെടുത്താവുന്നതാണ്.

തങ്ങളുടെ ഹീന ലക്ഷ്യങ്ങൾക്ക് വേണ്ടി സഭയെ പിളർത്താനും, നശിപ്പിക്കാനുമൊന്നും ഇവർക്ക് യാതൊരു പ്രശ്നവുമുണ്ടായിരുന്നില്ല എന്നതിന് ചരിത്രം സാക്ഷി.

ഇവിടെ പ്രതിനായകരെയും വില്ലന്മാരെയും ഇവരുടെ പ്രാദേശിക നേതൃത്വത്തിൽ തന്നെ കണ്ടെത്താം. സത്യസന്ധതയില്ലാത്ത നേതാക്കന്മാരുടെ ഒരു നിര തന്നെ ഇന്ന് പാത്രിയർക്കീസ് കക്ഷിയിലുണ്ട്. ഇവരുമായി ചർച്ച ചെയ്തത് കൊണ്ട് കാര്യങ്ങൾ ഒരിടത്തും എത്തില്ല. ചർച്ചയ്ക്കുള്ള ഇവരുടെ അമിതാവേശവും സമാധാന ലക്ഷ്യത്തിനല്ല. അവരുടെ വിശ്വാസികളുടെയും പൊതുസമൂഹത്തിന്റെയും കണ്ണിൽ പൊടിയിടുക എന്നത് മാത്രമാണ് ലക്ഷ്യം. ഓർത്തഡോക്സ് സഭയോടുള്ള തങ്ങളുടെ പക തീർക്കുന്നതിനും സ്വന്തം ലാഭത്തിനും വേണ്ടി പാത്രിയർക്കീസുമായി സഹകരിക്കുന്നു എന്നു മാത്രം. സ്വാർത്ഥ ലക്ഷ്യത്തിന് സാധുക്കളായ വിശ്വാസികളുടെ പിന്തുണ കിട്ടുവാനായി പാത്രിയർക്കീസ് ബാവയെ ഓർത്തഡോക്സ്കാർ തള്ളിയെന്നു പറഞ്ഞ് അവരെ ചൂഷണം ചെയ്യുന്നു. പാത്രിയർക്കീസ് കക്ഷിയുടെ ഈ അടിസ്ഥാന സത്യസന്ധതയില്ലായ്മയാണ് ആ സമൂഹത്തെ ഇന്ന് ശരിക്കും വിഷമസന്ധിയിൽ എത്തിച്ചിരിക്കുന്നത്. ഇത് ഓർത്തഡോക്സ് സഭയും തിരിച്ചറിയേണ്ട കാര്യമാണ്. അധികാരത്തിനും സ്വാർത്ഥലാഭത്തിനും വേണ്ടിയാണ് പാത്രിയർക്കീസ് കക്ഷി നേതൃത്വം ആദിമുതൽ പാത്രിയർക്കീസിന്റെ അനീതിക്ക് കൂട്ട് നില്ക്കുന്നത്.

നിയമം പാലിക്കുവാൻ പാത്രിയർക്കീസ് പക്ഷം തയ്യാറാവുന്നില്ല. പാത്രിയർക്കീസ് ബാവായ്ക്കും അതേ നിലപാടു തന്നെ. അതുകൊണ്ടാണ് സഭാസ്നേഹ പ്രേരിതരായ ഓർത്തഡോക്സ് സഭയിലെ പ്രബുദ്ധരായ അത്മായ പ്രമുഖർ പ. അന്ത്യോഖ്യാ പാത്രിയർക്കീസിന് സഭാ സമാധാനം സംബന്ധിച്ച് സമർപ്പിച്ച നിവേദനത്തിന് മറുപടി അയയ്ക്കാൻ പോലും അദ്ദേഹം തയ്യാറാകാത്തത്. പാത്രിയർക്കീസ് പക്ഷ നേതൃത്വം തങ്ങളെ വിശ്വസിച്ച വിശ്വാസ സമൂഹത്തിന് നിയമപരമായി നിലനില്പ്പില്ലാതെ വന്ന സാഹചര്യത്തിൽ അതിന്റെ സംരക്ഷണത്തിന് തുറന്നു കിട്ടിയ സാധ്യതകൾ ഉപയോഗപ്പെടുത്താതെ സാമ്പത്തിക ബാധ്യതയിലേയ്ക്കും തകർച്ചയിലേയ്ക്കും അതിനെ നയിക്കുന്നു. അതുകൊണ്ട് യാഥാർത്ഥ്യങ്ങൾ തിരിച്ചറിഞ്ഞ് ആവശ്യമായ തിരുത്തലുകൾ നടത്തേണ്ടത് പാത്രിയർക്കീസ് വിഭാഗത്തിലെ നേർബുദ്ധിയുള്ളവരാണ്.

പാത്രിയർക്കീസു വിഭാഗത്തിന്റെ ജാതകദോഷം പരിഹരിക്കുന്നതിന് നേതൃനിരയിൽ ആരുമില്ലാത്ത അവസ്ഥയിൽ വിശ്വാസികൾ ഐക്യത്തിനും, സമാധാനത്തിനും രംഗത്ത് വരികയാണ് വേണ്ടത്. തങ്ങളുടെ നേതൃത്വവുമായി ഐക്യദാർഢ്യം പ്രകടിപ്പിച്ച് സ്വയം അപകടത്തിലാകാതിരിക്കുകയാണ് വിവേകം. കഴിഞ്ഞ കാലത്ത് പ്രശ്ന പരിഹാരത്തിനുള്ള ഒരു സാധ്യതയും – മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉണ്ടായ ചർച്ചയിലുൾപ്പെടെ – ഉപയോഗപ്പെടുത്താത്തത് പാത്രിയർക്കീസ് പക്ഷ നേതൃത്വമാണ് എന്ന അറിവ് ഉൾക്കൊണ്ട് ഐക്യവും സഭാ സമാധാനവും പ്രവൃത്തിപഥത്തിലാക്കുവാൻ പാത്രിയർക്കീസ് പക്ഷത്തെ സഭാംഗങ്ങളിൽ നിന്ന് ശ്രമം ഉണ്ടാകട്ടെ.

ചരിത്രം ഗൗരവമായി പഠിക്കുകയും അതുവഴി ഭാവി രൂപപ്പെടുത്തുകയും ചെയ്യുന്ന പ്രക്രിയയിൽ നിന്നും അകന്നു നിന്നുകൊണ്ട് ഒരു പ്രസ്ഥാനത്തിന് അർത്ഥവത്തായി മുമ്പോട്ട് പോകാനാവില്ല എന്ന് മനസ്സിലാക്കണം. വികാരപരമായി വിഷയത്തെ സമീപിക്കുന്ന രീതിയിൽ നിന്നും മോചനം നേടി ഭാവി ദർശനം സൃഷ്ടിക്കുന്നതുവഴിയാണ് തുടർ ചരിത്രത്തെ ശരിയായി രൂപപ്പെടുത്താനാകൂ. അന്ധമായ നേതൃത്വാനുസരണം ഒരു പ്രസ്ഥാനത്തിന് ശ്രേയസ്കരമാവില്ല.

പലപ്പോഴും വിഭാഗീയ നിലപാടുകൾ വിമർശനമില്ലാതെ ഏറ്റെടുത്ത് അത് സംരക്ഷിക്കുന്നതിന് കാണിക്കുന്ന രീതിയാണ് സഭാ പിളർപ്പിലും നിരീക്ഷിക്കാനാവുന്നത്.

❑

പ്രഭാഷണം

സഹോദരങ്ങൾക്കുവേണ്ടി പ്രത്യാശയോടെ.....

മലങ്കരസഭയ്ക്ക് ദേവാലയങ്ങൾ നഷ്ടപ്പെടുന്നില്ല, ഒരു ദേവാലയവും നഷ്ടപ്പെട്ടിട്ടില്ല. മലങ്കരസഭയിൽ നിന്നും ഒരു വിഭാഗമായി സ്വയം മാറിനിന്ന കുറച്ചു പേരുണ്ട്. അവർ ചിലയിടത്ത് ഇറങ്ങിപ്പോകുകയും ചിലയിടത്ത് ഇറങ്ങിപ്പോകാതിരിക്കുകയും ചിലയിടത്ത് പോലീസ് ഫോഴ്സ് ഇറക്കി വിടുകയും ഒക്കെ ചെയ്ത ചിത്രങ്ങളുണ്ട്. അവിടെ ഒന്നാമത് സഭയ്ക്ക് പറയാനുള്ളത്, കൃത്യമായി നമുക്ക് അറിവുള്ള കാര്യമാണ്. മലങ്കരസഭ ആരേയും ഇറക്കി വിടുന്നില്ല. മലങ്കരസഭ, മലങ്കരസഭയുടെ ദേവാലയങ്ങളെ 1970-കൾ മുതൽ പിടിച്ചടക്കി കയ്യിൽ വെച്ചിരുന്ന ദേവാലയങ്ങളെക്കുറിച്ചുള്ള പരാതികൾ, സഭ നീതിന്യായ കോടതികളിൽ ഉന്നയിച്ചു. കാരണം ഇതിലൊരു മുഷ്ടിബലം കൊണ്ട് കയ്യടക്കുകയും വൈദികരെ ഉപദ്രവിക്കുകയും ആളുകളെ പേടിപ്പിച്ച് ഓടിക്കുകയും എന്നിട്ട് ഒരു സമാന്തര ഭരണം മലങ്കര മെത്രാപ്പോലീത്തായും മലങ്കര അസോസിയേഷനും ഞങ്ങൾക്ക് ബാധകമല്ല, മലങ്കരസഭയിലെ മെത്രാപ്പോലീത്തന്മാരുടെ കല്പനകളെ ഞങ്ങൾ അനുസരിക്കില്ല, ഞങ്ങൾ ഞങ്ങൾക്ക് ഇഷ്ടമുള്ളതുപോലെ ഭരണം നടത്തും എന്ന് പറഞ്ഞ്, അതിനുവേണ്ടി ഞങ്ങളുടെ നേതാവ് അന്ത്യോഖ്യാ പാത്രിയർക്കീസ് ആണ്. ആ അന്ത്യോഖ്യാ പാത്രിയർക്കീസ് ഇവിടെ ഒരു കാതോലിക്കായെ ആദ്യം ഒരു പീലക്സീനോസ് തിരുമേനിയെ കാതോലിക്കാ എന്ന് പറഞ്ഞു. ഇടക്ക് കാതോലിക്കാ എന്ന് പറയും ഇടയ്ക്ക് മഫ്രിയാന എന്ന് പറയും. പിന്നെയും കാതോലിക്കാ എന്ന് പറയും. അതുകഴിഞ്ഞ് തോമസ് പ്രഥമൻ എന്ന് പറഞ്ഞ് ... ഇതെല്ലാം.. മലങ്കരസഭയുടെ നോട്ടത്തിൽ ഇവർക്കാർക്കും ആ വിധത്തിലുള്ള സ്ഥാനങ്ങൾ അലങ്കരിക്കാൻ ഒക്കുകയില്ല. അവരുടെ കൈവെപ്പോ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. പക്ഷേ കൈവെപ്പു കൊണ്ടല്ല, കൈവെപ്പ് കൊണ്ട് മാത്രമല്ല ഒരു മെത്രാപ്പോലീത്താ ഉണ്ടാകുന്നത്. നമ്മുടെ സംവിധാനത്തിൽ അതിൽ എപ്പിസ്കോപ്പസി ഉണ്ട് ജനാധിപത്യവും ഉണ്ട്.

മലങ്കരസഭയിൽ ഒരു മെത്രാപ്പോലീത്താ ആകണമെങ്കിൽ മലങ്കരസഭയുടെ അസോസിയേഷനാൽ തെരഞ്ഞെടുക്കപ്പെട്ടവരും സുന്നഹദോസിനാൽ അംഗീകരിക്കപ്പെട്ടവരും ആയിരിക്കണം. അപ്പോഴാണ് അവർ മലങ്കര സഭയുടെ സർട്ടിഫൈഡ് മെത്രാപ്പോലീത്തൻമാരാകുന്നത്.ആ പ്രോസിലൂടെ അല്ലാതെ പോയിട്ട് മെത്രാപ്പോലീത്തൻമാർ എന്ന വിധത്തിൽ ഇവിടെ വന്ന് സമാന്തര ഭദ്രാസനങ്ങൾ, സമാന്തര സംവീധാനങ്ങൾ, സമാന്തര അസാസിയേഷൻ, സമാന്തര സുന്നഹദോസ്, സമാന്തര മലങ്കര മെത്രാപ്പോലീത്ത,സമാന്തര സുന്നഹദോസ് സെക്രട്ടറി, മെത്രാപ്പോലീത്തൻ ട്രസ്റ്റി, അൽമായ ട്രസ്റ്റി അസോസിയേഷൻ സെക്രട്ടറി എന്നൊക്കെ പറഞ്ഞ് കുറച്ച് സ്ഥാനങ്ങൾ ഉണ്ടാക്കി.

ഈ കാര്യങ്ങളാണ് ചോദ്യം ചെയ്യപ്പെട്ടത്. അത് ഒന്നും നിലനിൽക്കുകയില്ല. ഈ സഭയുടെ അടിസ്ഥാനം 1934 ലെ കോൺസ്റ്റിറ്റ്യൂഷനാണ്. 1934-ലെ കോൺസ്റ്റിറ്റ്യുഷൻ എന്ന് പറയുന്നത്, 34-ൽ പാസാക്കിയ കോൺസ്റ്റിറ്റ്യൂഷൻ എന്നാണ് അതിന്റെ അർത്ഥം. അത് കോൺസ്റ്റിറ്റ്യൂഷന്റെ ബേസിക് തിയറിയാണ്, അത് ഏത് സമയത്തും അമൻറ് ചെയ്യാം. അമൻറ് ചെയ്തത് അസോസിയേഷനിൽ. ഏത് ബോഡി അമൻറ് ചെയ്യുന്നോ... റൂൾസ് കമ്മിറ്റി അത് കൊണ്ടുവരും, അത് അസോസിയേഷനു വേണ്ടി മാനേജിംഗ് കമ്മറ്റി പാസാക്കിയാൽ മതി, അസോസിയേഷനിൽ പോലും വരേണ്ടതില്ല. ആ വിധത്തിൽ അതാത് സമയത്ത് അമൻറ് ചെയ്തിട്ടുള്ള ഒരു ഭരണഘടനയുണ്ട്. ആ ഭരണഘടന പ്രകാരം വേണം ഈ 1064 പള്ളികൾ ഭരിക്കാൻ.

പിന്നീട് അതിൽ 2002-ലെ ഡിസ്പ്പൂട്ട് സമയത്ത് ഞങ്ങൾക്ക് കൂടുതൽ ആളുകൾ ഉണ്ട്, ഞങ്ങൾക്ക് കൂടുതൽ പള്ളികൾ ഉണ്ടെന്ന് പറഞ്ഞിട്ട് ...

ഒരർത്ഥത്തിൽ പറഞ്ഞാൽ unfortunate... അവരുടെ മാത്രമായിട്ട് 70-ന് ശേഷം അവർ മാത്രമായിട്ട് ഉണ്ടാക്കിയ ഈ വിഘടിത വിഭാഗം എന്ന് പറയുന്ന അല്ലെങ്കിൽ സമാന്തര വിഭാഗം എന്ന് വിളിക്കാവുന്ന വിഘടിത വിഭാഗം എന്ന് പറയുമ്പോൾ ഒന്നുകൂടി പറയുകയാണ്... മലങ്കര സഭയോട് വിഘടിച്ച് നിൽക്കുന്നവർ എന്ന് മാത്രമേ അതിന് അർത്ഥമുള്ളൂ. അവർ മാത്രമായി ഉണ്ടാക്കിയ പള്ളികൾ ഉണ്ടായിരുന്നു.അതുൾപ്പെടെ ഒരു പുതിയ ലിസ്റ്റിട്ടു. ആ ലിസ്റ്റ് കൊണ്ടുപോയി കൊടുത്തു.



ദൈവം തമ്പുരാൻ ഇടപെടേണ്ട സമയത്ത് ഇടപെടേണ്ട രീതിയിൽ ഇടപെട്ട ചരിത്രമാണ് വി. തോമാശ്ലീഹായാൽ എ.ഡി. 52-ൽ ഭാരതത്തിൽ സ്ഥാപിതമായ മലങ്കരസഭക്കുള്ളത്. വ്യവഹാര രഹിതവും വിദേശ ഊന്നുവടി ആവശ്യമില്ലാത്ത ഏക മലങ്കര സഭയെന്ന പ. കാതോലിക്കാ ബാവായുടെ – പ. സുന്നഹദോസിന്റെ – സഭയിലെ വിശ്വാസ സമൂഹത്തിന്റെ സ്വപ്നം നിറവേറുന്ന നിമിഷങ്ങൾക്കായി പ്രത്യാശയോടെ പ്രാർത്ഥനയോടെ കാത്തിരിക്കാം.

ഈ കേസുകളിലെല്ലാം അവരാണ് വാദികൾ. നമ്മളെ പ്രതികളാക്കാനായിട്ടാണ് നോക്കിയത്. സുപ്രീംകോടതി ഒടുവിൽ കണ്ടെത്തി, വാദിഭാഗം തെറ്റാണ്, പ്രതിഭാഗം ശരിയാണ്. അതുകൊണ്ട് അവർ പ്രതിയല്ല, അവർ ഉടമസ്ഥരാണ്. മലങ്കര മെത്രാപ്പോലീത്തായാണ് ഇതിന്റെ കസ്റ്റോഡിയൻ. ഈ ട്രസ്റ്റിന്റെ അധ്യക്ഷൻ അദ്ദേഹമാണ്. ഇതെല്ലാം വളരെ വ്യക്തമായിട്ട് പറഞ്ഞു. അത് പറഞ്ഞപ്പോൾ, അതിനെ അംഗീകരിക്കാൻ തയ്യാറില്ലാതെ, പള്ളികൾ പ്രൊട്ടസ്റ്റ് ചെയ്യാൻ തുടങ്ങി.നിയമ ധ്വംസന പ്രസ്ഥാനങ്ങൾ ഉണ്ടായി. അപ്പോൾ ആ സമയത്ത്... രണ്ടാം കൂനൻ കുരിശ്, മൂന്നാം കൂനൻ കുരിശ്, നാലാം കൂനൻ കുരിശ് ... പിന്നെ ഇതിനെ പേരിടാനില്ലാതായി. അപ്പോൾ പിന്നെ കൂനൻ കുരിശ് മാറ്റിവെച്ചു.പിന്നെ കുരിശിന്റെ മുകളിൽ കയറി നിൽക്കലായി. ഇങ്ങനെ പല പരിപാടികൾ നടത്തി. കുരിശിന്റെ മുകളിൽ കെട്ടിയിടുക, ശവപ്പെട്ടിവെച്ച് നൃത്തം ചെയ്യുക, ഇങ്ങനെയുള്ള പല പരിപാടികൾ ചെയ്തു.ഇത് മാത്രവുമല്ല കഴിഞ്ഞ ദിവസം തോമസ് പോൾ റമ്പാച്ചനും ഒരു വോയ്സ് ക്ലിപ്പിൽ പറഞ്ഞ പോലെ 'എത്ര മാത്രം ഇവിടെത്തെ കോടതികളെ പിണക്കാമോ, അതെല്ലാം പരസ്യമായിട്ട് ചെയ്തു. 'സുപ്രീംകോടതി ജഡ്ജിമാർ പള്ളികൾ പണിതിട്ടുണ്ടെങ്കിൽ അത് 'മെത്രാൻ കക്ഷികൾക്ക്, കൊടുത്തോട്ടെ.' ഇപ്പോഴും ഒന്നാ

മത്തെ കാര്യം, നേരം വെളുക്കുന്നില്ല എന്നാണ്. ഞങ്ങൾ യാക്കോബായ സുറിയാനി സഭ. അന്താഖ്യായുടെ പരമാധികാരം. മറ്റേത് കോട്ടയം കാതോലിക്കായും മെത്രാൻ കക്ഷികളും....

കളി മാറി. ഇനി അപകടങ്ങളിലേക്കാണ്, ഈ കളി കളിച്ചാൽ പോകുന്നത്. അതു കൊണ്ട് ... ആരേയും ഇറക്കിവിട്ടിട്ടില്ല. വിശ്വാസികൾ ഇറങ്ങിപ്പോകാൻ പറഞ്ഞിട്ടില്ല. വിശ്വാസികളെ ഇറക്കിവിട്ടത് മലങ്കര സഭയല്ല. ചുമതലപ്പെട്ടവർ വരുമ്പോൾ അവരെ കയറ്റില്ല...., അപ്പോൾ ഇവിടത്തെ ലോ ആൻഡ് ഓർഡറിന്റെ ചുമതലയാണ് ചുമതലപ്പെട്ടവരെ കയറ്റുക എന്നുള്ളത്. അതിന് ഞാൻ തടസ്സം നിൽക്കുകയാണ് എങ്കിൽ എന്നെ ഇറക്കി വിട്ടേ മതിയാകൂ. അതാണ് പലയിടത്തും സംഭവിച്ചത്.

ഒരിടത്ത് പോലും ലോ & ഓർഡർ തെറ്റിച്ചിട്ട് അവർ നിൽക്കുമ്പോൾ ഓർത്തഡോക്സ് സഭ ഇടിച്ചു കയറാൻ ചെന്നിട്ടില്ല. 2019 ഒക്ടോബർ 28-ന് കോതമംഗലം പള്ളിയില് വിധി നടപ്പാക്കാൻ നിങ്ങൾ വരണം എന്ന് പള്ളി തുറന്ന് തരാം എന്ന് റവന്യൂ പോലീസ് അധികാരികൾ പറഞ്ഞു. അതനുസരിച്ചാണ് ഞാൻ ഉൾപ്പെടെയുള്ളവർ അവിടെ ചെന്നത്.

അപ്പോൾ നമ്മൾ ശാന്തമായിട്ടാണ് പോയത്. ഒരു കാതോലിക്കേറ്റ് പതാക പോലും നമ്മൾ പിടിച്ചില്ല.കാരണം നമ്മൾ പ്രാർത്ഥിക്കാൻ ചെന്നതാണ്. മുദ്രാവാക്യം വിളിച്ചില്ല. പ്രാർത്ഥനാ ഗാനങ്ങൾ ചൊല്ലിയാണ് ചെന്നത്. തിരിച്ച് പ്രതിഗാനങ്ങൾ എന്തായിരുന്നു എന്നത്.. അത് സുറിയാനി അല്ല, സംസ്കൃതം അല്ല ഈ രണ്ട് ഭാഷകളും എനിക്ക് കുറച്ച് അറിയാം. അത് ഏതെങ്കിലും നല്ല ഒരു ഇന്ത്യൻ ഭാഷയല്ല. നമ്മൾ പൊതുവേ പറയുന്ന കൊടുങ്ങല്ലൂർ പൂരപ്പാട്ട് എന്നൊക്കെ പറയുന്ന തരത്തിലുള്ള ഒരു ഭാഷയാണ്.. നമുക്കെല്ലാവർക്കും അതറിയാം... ലജ്ജാവഹമായ രീതിയിൽ ഒരു സഭയെ ഏത്ര മാത്രം അപമാനിക്കാമോ.. കൈസ്തവികതയെ എത്രമാത്രം ..ലോക മനസാക്ഷിയുടെ മുന്നിൽ അപമാനിക്കാവോ അതൊക്കെ ചെയ്തു.

നമ്മൾ തിരിച്ചൊന്നും മിണ്ടിയില്ല. ശാന്തമായിട്ട് നമ്മൾ തിരികെ പോന്നു. പോരുന്ന വഴിക്ക് ആക്രമിക്കാനുള്ള ഉൽസുകുതയൊക്കെ കാണിച്ചു. കട്ട പെറുക്കി എറിഞ്ഞു. ശവപ്പെട്ടി വെച്ച് ഡാൻസ് കളിച്ചു. ഇതൊന്നും നമ്മൾ കാര്യമാക്കുന്നില്ല, ഗാനിക്കുന്നില്ല. എന്നാൽ, എന്താണ് ഇപ്പോൾ സംഭവിക്കുന്നത്?

ഓർത്തഡോക്സ് സഭ ആരെയും ഇറക്കിവിട്ടിട്ടില്ല, വിടുകയുമില്ല. ഞാൻ ചോദിക്കട്ടെ, ആരെങ്കിലും ഒരു ഓർത്തഡോക്സ്കാരൻ പോയിട്ട് ഒരു പള്ളിയിൽ നിന്നും ഒരു യാക്കോബായ സഹോദരനെ പിടിച്ചിറക്കുന്ന ഒരു ചിത്രം കാണിക്കാമോ? അങ്ങനെ ഒരു സംഭവം ഉണ്ടായിട്ടില്ല. കട്ടച്ചിറയിലെ സംഭവത്തിൽ അപ്പോൾതന്നെ സഭ ഖേദം പ്രകടിപ്പിച്ചിട്ടുള്ളതാണ്. അതല്ലാതെ മറ്റൊരിടത്തും ഒരുതരത്തിലും സംഭവിച്ചിട്ടില്ല. അതിലും ഭവനഭേദനം ആരും നടത്തിയില്ല. നമ്മുടെ പ്രോപ്പർട്ടിയിൽ കയറിക്കോ എന്ന് പോലീസ് പറയുമ്പോൾ അത് അടഞ്ഞുകിടക്കുകയാണ്. തുറക്കാനുള്ള വ്യഗ്രതയിൽ അല്പം മാന്യമല്ലാത്ത രീതിയിൽ പ്രവർത്തിച്ചു. അതിനെ സഭ അപലപിക്കുകയും ചെയ്തു. ബാക്കി ഒരിടത്തും ഓർത്തഡോക്സ് സഭ പ്രകോപനങ്ങൾ ഉണ്ടാക്കിയിട്ടില്ല. ബാക്കി എല്ലായിടത്തും നമ്മൾ കയറാൻ പോയിട്ടില്ല. സംഭവിച്ചതെന്താണ് അത് പിറവത്തായാലും മുളന്തുരുത്തിയിലായാലും എന്താണ് സംഭവിച്ചത്. ലോ & ഓർഡർ സിറ്റുവേഷൻ വന്നു, അതിനെ മാക്സിമം എതിർത്ത് നോക്കി.

തോൽക്കുന്നവറെ കൂടെയാണ്... ഒരു ,പ്രത്യേകിച്ച് ഒരു മതനിരപേക്ഷ ജനാധിപത്യ സർക്കാർ, തോൽക്കുന്നവന്റെ കൂടെ നിൽക്കണം എന്ന് പ്രമാണമായിരിക്കാം.

സംസ്ഥാന സർക്കാർ തോൽക്കുന്നവനോടൊപ്പം നിന്നു. അവർക്കുവേണ്ടി 113-ലധികം അഭിഭാഷകർ, സർക്കാർ അഭിഭാഷകർ ഉണ്ടായിട്ടുപോലും ഹാജരായി വാദിച്ചു. ഓർത്തഡോക്സ് സഭക്കു വേണ്ടി വിധിച്ചു കിട്ടിയ ന്യായം നടത്തിത്തരണം എന്ന് അപേക്ഷിക്കുന്ന ഓർത്തഡോക്സ് സഭക്കു വേണ്ടി ഒരു ഗവൺമെന്റ് പ്ലീഡർ പോലും ഹാജരായതായി ഞാനിതുവരെ കണ്ടിട്ടില്ല. ഇതെല്ലാം കഴിഞ്ഞിട്ടും താക്കോൽ കൊണ്ടുപോയി കൊടുക്കൂ എന്ന് കോടതി ജില്ലാ കളക്ടറോട് പറഞ്ഞു. രാവിലെ കോടതി ചേർന്നു. ഉച്ചക്ക് 1.45-ന് കോടതി വീണ്ടും ചേരുമ്പോൾ താക്കോൽ എന്റെ മേശപ്പുറത്ത് ഇരിക്കണം എന്ന് പറഞ്ഞു. ഓർത്തഡോക്സ്കാർ ആരും അവിടെ പോയില്ല. പള്ളി പൂട്ടിയിരിക്കുന്നത് കണ്ടപ്പോൾ മാറി നിന്നു. ഒരു ഭവനഭേദനത്തിനും പോയില്ല. താക്കോൽ കൊണ്ടുവന്നു തന്നു. കയറിക്കോളാൻ പറഞ്ഞപ്പോൾ കയറി. ഇതു തന്നെയാണ് മുളന്തുരുത്തിയിലും മറ്റും സംഭവിച്ചത്.

അപ്പോൾ ആര് ഇറക്കിവിട്ടു എന്നാണ് പറയുന്നത്? ആരാ ഇറക്കി വിട്ടേ... ഇറക്കി വിടുന്നത് ,ഇവിടത്തെ നീതിന്യായ സംവിധാനത്തിന് വെല്ലുവിളി ഉയർത്തിയിട്ട് ആര് നിന്നാലും അവരെ ഇറക്കി വിടും. ഇതാണ് സാഹചര്യം.

ഇനി അവർ പറയുന്നു, തിരിച്ചു കയറണം. ഏറ്റവും സന്തോഷമല്ലേ ഉള്ളൂ. ഞാൻ കഴിഞ്ഞ ആഴ്ച പരുമലയിൽ പറഞ്ഞു. പ. ബാവാ തിരുമനസ്സ് പറഞ്ഞതും സുന്നഹദോസ് സെക്രട്ടറിയും PRO യും പറഞ്ഞ കാര്യങ്ങളാണ് ഞാൻ ആവർത്തിച്ചത്. ആരേയും ഇറക്കിവിട്ടിട്ടില്ല, ഒരു ഡേറ്റും നോക്കിയിരിക്കേണ്ട കാര്യമില്ല, വിശ്വാസികൾക്ക് എപ്പോൾ വേണമെങ്കിലും പള്ളിയിൽ വരാം. പക്ഷേ അത് വിശ്വാസികളും പ്രാർത്ഥിക്കാൻ വരുന്നവരും ആയിരിക്കണം. ഞാൻ കഴിഞ്ഞയാഴ്ച മുളന്തുരുത്തി പള്ളിയിൽ പോയി. ഭദ്രാസന മെത്രാപ്പോലീത്താ രാവിലെ പോയി കുർബാന ചൊല്ലി എന്നറിഞ്ഞു. ഞാൻ അതിലേ യാത്ര ചെയ്യുന്നുണ്ടായിരുന്നു. അപ്പോൾ ഞാൻ വികാരിയച്ചനെ വിളിച്ചു ചോദിച്ചു. എനിക്കൊന്ന് മുളന്തുരുത്തിയിൽ കയറി പ്രാർത്ഥിക്കണം. അപ്പോൾ അങ്ങോട്ടു എത്തുന്നതിന് സ്നേഹപൂർവ്വം അഭ്യർത്ഥിച്ചതനുസരിച്ച് അവിടെ പോയി. അവിടെ ചെന്നപ്പോൾ പേരെഴുതാൻ രജിസ്ടറുണ്ട്. ടെംപറേച്ചർ ചെക്ക് ചെയ്തു, നോർമൽ എന്ന് കണ്ടു. സാനിറ്റെസർ തന്നു. അതും പ്രയോഗിച്ചു. പള്ളിക്കകത്ത് കയറി. എല്ലാ പിതാക്കൻമാരുടെയും കബറിടത്തിൽ ധൂപപ്രാർത്ഥന നടത്തി. എന്നെ സംബന്ധിച്ചിടത്തോളം മർത്തോമ്മാ ശ്ലീഹായുടെ പൈതൃകം പേറുന്ന ദേവാലയം. 17, 18, 19 നൂറ്റാണ്ടുകളിൽ ഓരോ പിതാക്കന്മാർ... സഭയുടെ പിള്ളത്തൊട്ടിലായിട്ടുള്ള ദേവാലയം. മാത്രവുമല്ല പ. പരുമല തരുമേനി ജനിച്ചു വളർന്ന ഇടവക. തിരുമേനിയുടെ ഗുരു പള്ളത്തിട്ട ഗീവർഗീസ് കത്തനാർ കബറടക്കിയ ദേവാലയം. അവിടെയൊക്കെ ധൂപം അർപ്പിച്ച് പ്രാർത്ഥിക്കാൻ, ആയുസ്സിൽ വലിയ ഒരു അവസരം കിട്ടി. അത് എനിക്ക് മാത്രമല്ല ആർക്കും വരാം. വികാരി അച്ചൻ സമ്മതിച്ചാൽ കയറാം.

പക്ഷേ... ഞാൻ അന്തോഖ്യായുടെ ആളാണ്, എന്ന് പറഞ്ഞിട്ട് വന്നു കഴിഞ്ഞാൽ.. എനിക്ക് തോന്നുന്നപ്രകാരം അവിടെ കയറിയിരുന്ന് മുഷ്ടി ബലം കാണിക്കാൻ നോക്കിയാൽ ഓർത്തഡോക്സ് സഭയല്ല ഇവിടത്തെ നീതിന്യായ സംവീധാനം കൈകാര്യം ചെയ്തോളും. അപ്പോൾ 13 വരെ കാത്തു നിൽക്കേണ്ട ആവശ്യമില്ല, 13 വരെ മുറ്റത്ത് പന്തൽ കെട്ടേണ്ട ആവശ്യമില്ല. എന്തിനാണ് മുറ്റത്ത് പന്തൽ കെട്ടുന്നത്. അകത്ത് സ്ഥലമുണ്ടല്ലോ? മുറ്റത്ത് പന്തൽ കെട്ടുക, റോഡിൽ നിന്ന് കുക്കിലിയോൻ ചൊല്ലുക..., ചുവന്ന കുപ്പായമിട്ട് കുക്കിലിയോൻ ചൊല്ലുക, ഞങ്ങളൊക്കെ കുക്കിലിയോൻ ചൊല്ലുന്നത് കറുത്ത കുപ്പായമിട്ട് ധുപാർപ്പണത്തോടു കൂടിയാണ്.

അപ്പോൾ ഇതൊക്കെ ഒരു പക്ഷേ ജനങ്ങളുടെ പ്രീതി സമ്പാദിക്കാനാകാം. അതു പോലെ നുണ മാത്രം പറയുക. ഞങ്ങളെ ഇറക്കിവിട്ടു, ആര് ഇറക്കി വിട്ടു? ഏതെങ്കിലും ഒരു ഓർത്തഡോക്സ്കാരൻ ആരെയെങ്കിലും ഇറക്കി വിടാൻ ചെന്നിട്ടുണ്ടോ.. മുളന്തുരുത്തിയിൽ ചിലരെ എടുത്തുകൊണ്ടു പോകുമ്പോൾ 'ഫോട്ടോ എടുത്തോളൂ' എന്ന് പറഞ്ഞിട്ട് എടുത്ത പോലീസുകാരന്റെ നടു പോയി. ആരെയും ഇറക്കിവിട്ടിട്ടില്ല. തിരിച്ചു കയറാൻ വന്നാൽ... അതാത് സ്ഥലത്തെ പ്രോട്ടോക്കോൾ നോക്കണം. എത്ര പേർ വരുന്നു എന്നത് വികാരി അറിഞ്ഞിരിക്കണം. അരാജകത്വം സൃഷ്ടിക്കാൻ ആരെങ്കിലും വരികയാണെങ്കിൽ, അങ്ങനെ വരുമെന്ന് എനിക്ക് തോന്നുന്നില്ല. പള്ളിയിൽ അങ്ങിനെയല്ലല്ലോ വരേണ്ടത്. പ്രാർത്ഥിക്കാനാണ് വരുന്നതെങ്കിൽ ഏറെ സന്തോഷം.

അത് ഞാൻ തുറന്നു പറയുകയാണ്... സംസ്ഥാന സർക്കാരിന്റെ കയ്യിൽ നിന്നും ഇത് കൈവിട്ട് പോയി. സംസ്ഥാന സർക്കാർ എന്തെങ്കിലും സൂത്രം കാണിക്കാൻ നോക്കിയാൽ, നോക്കില്ല എന്നാണ് വിശ്വാസം. കാരണം റവന്യൂ, പോലീസ് അധികാരികൾ രണ്ടും സർക്കാരിന്റെ കീഴിൽ വരുന്നതാണ്. എന്നാൽ രണ്ടും അതിന്റേതായ ആത്മാർത്ഥതയോടെ പ്രവർത്തിക്കേണ്ടവരാണ്.

പിന്നെ വോട്ട് കിട്ടാൻ വേണ്ടി അവിടെ ചെന്ന് നിൽക്കുകയൊക്കെ ചിലർ ചെയ്യും. ചില കക്ഷികളുടെ ജില്ലാ സെക്രട്ടറിമാർ, കക്ഷി ഏതാണ് എന്ന് ഒന്നും ഞാൻ പറയുന്നില്ല. സോഷ്യൽ മീഡിയയിൽ കണ്ടതാണല്ലോ.. എന്തൊരു താൽപര്യമാണ്. നിയമ നിഷേധം ആവർത്തിച്ച് നടത്താൻ അതീവ ബദ്ധശ്രദ്ധാലുക്കളായിട്ട് സാമാജികർ, പാർട്ടി സെക്രട്ടറിമാർ.. എത്ര ആത്മാർത്ഥതയാണ്.. കാരണം നാളെ ഇലക്ഷനാണ്. ആ പരിപാടിയൊക്കെ ആണ് എങ്കിൽ, അത്

നമ്മുടെ വിഷയമല്ല. പിന്നെ വന്ന് നമ്മുടെ വിശ്വാസികളെ കയ്യേറ്റം ചെയ്യുകയോ .. അതൊക്കെ മലങ്കര സഭ എത്ര കണ്ടിരിക്കുന്നു. തല്ലിക്കൊല്ലുകയോ ... തിരുമേനി സൂക്ഷിച്ചോളൂ എന്ന് എന്നോട് പറയുന്നവരുണ്ട്. എന്ത് സൂക്ഷിക്കാനാണ്. അങ്ങനെയൊന്നും ഒരിക്കലും ആരും ചെയ്യില്ല, അങ്ങനെ സംഭവിക്കില്ല. പണ്ട് ചെയ്തിട്ടുള്ളതൊക്കെ നമ്മൾ പൊറുത്തിട്ടുണ്ട്. ഇനി ചെയ്താലും പൊറുക്കും.

ആനപാപ്പി മുതൽ മലങ്കര വർഗ്ഗീസ് വരെ എത്ര സംഭവങ്ങൾ ഉണ്ട്. തിരിച്ചൊന്നും ചെയ്യാൻ പോയിട്ടില്ല. തിരിച്ച് ചെയ്തു എന്ന് പറഞ്ഞ് വ്യാജ കഥകളുണ്ടാക്കി. അത് വ്യാജ കഥയായിരുന്നു എന്ന് അവർ തന്നെ ഇപ്പോൾ കുമ്പസാരിച്ചു. അതു കൊണ്ട് അതൊന്നും നമ്മൾ നോക്കേണ്ട. അപ്പോൾ ഇതൊക്കെ.. ദൈവത്തിന്റെ സഭയാണ്, ഇത് മാർത്തോമാശ്ലീഹായുടെ സഭയാണ്. എല്ലാവർക്കും വരാം. 13 വരെ മുഹൂർത്തം നോക്കിയിരിക്കുന്നുണ്ടെങ്കിൽ ആയിക്കോട്ടെ. 13-ന് വന്നിട്ട് എല്ലാവരും കൂടി, ഇത് ഒരു സഭയായിട്ട്, അത് കഴിഞ്ഞിട്ട് 18 മുതലാണ് തോമാശ്ലീഹായെ കുന്തം ചാണ്ടിയതുമൊക്കെയായിട്ടുള്ള ദിവസങ്ങൾ. ധ്യാന ദിവസങ്ങളാണ്. കർത്താവിന് വേണ്ടിയുള്ള കാത്തിരിപ്പിന്റെ നാളുകളാണ്. ജനനത്തിന്റെ നാളുകളാണ്. ഒന്നിച്ച് ക്രിസ്മസ്സ് ആഘോഷിച്ച്, മാതാവിന്റെ പുകഴ്ചപ്പെരുന്നാൾ ആഘോഷിച്ച്, ശിശുവധപ്പെരുന്നാൾ ആഘോഷിച്ച് ചേലാകർമ്മപ്പെരുന്നാളിലേക്കൊക്കെ മുന്നോട്ടു പോകാം.

ഇനി വൈദികർക്കോ മെത്രാപ്പോലീത്തമാർക്കോ വരണമെങ്കിൽ അതിന് സംവിധാനമുണ്ട്. ഈ സഭക്ക് ഒരു തലവനുണ്ട്. ഇത് നാഥനില്ലാകളരിയല്ല. മലങ്കരസഭ ഒരിക്കലും പറഞ്ഞിട്ടില്ല ഞങ്ങൾ പറഞ്ഞാൽ വിശ്വാസികൾ സമ്മതിക്കുന്നില്ല, ഞാൻ വിളിച്ചിട്ട് അവർ വന്നില്ല, മലങ്കര സഭ അങ്ങനെ പറഞ്ഞിട്ടില്ല. മലങ്കര മെത്രാപ്പോലീത്ത വിളിക്കുന്നിടത്ത് മലങ്കരയിലെ എല്ലാ മെത്രാപ്പോലീത്തൻമാരും ചെന്നിരിക്കും. അദ്ദേഹം മനസ്സിൽ ആഗ്രഹിക്കുന്നത് നമ്മൾ ഇവിടെ ചെയ്തിരിക്കും. ഇത് കൈവിട്ട കളിയല്ല. വളരെ സംഘടിതമായ, ഒപ്പം ഏറെ ആത്മധൈര്യം.. ദൈവാധിഷ്ഠിതമായ ..സമ്പന്നമായ ഒരു സഭയാണിത്. അതു കൊണ്ട് മറ്റ് പേടികളോ പ്രയാസങ്ങളോ ഇല്ല. മാർത്തോമൻ പൈതൃകത്തിൽ, സുറിയാനി സഭയുടെ ,ഞാൻ അത് വ്യക്തമായി പറഞ്ഞിട്ടുണ്ട്. സുറിയാനി പാരമ്പര്യം എന്ന് പറയുന്നത് ആരുടേയും പോക്കറ്റിൽ കിടക്കുന്ന സാധനമല്ല. കഴിഞ്ഞ ദിവസം തിമോത്തിയോസ് തിരുമേനി പറഞ്ഞു. 'മലങ്കരസഭയിൽ യാക്കോബ് ബുർദാന എന്ന് വിളിക്കാൻ ഒരു പിതാവ് ഉണ്ടെങ്കിൽ, അത് കഴിഞ്ഞ ദിവസം നമ്മൾ ഓർത്ത പ. ഔഗേൻ ബാവയാണ്. അങ്ങനെ ഒത്തിരി പേരുണ്ട്. അല്ലാതെ മറ്റു കലാപരിപാടികൾ നടത്തുന്നവരല്ല, യാക്കോബ് ബുർദാന.

വിശുദ്ധൻമാരുടെ ഒരു ഗണമുള്ള ഒരു സഭയാണ്. മർത്തോമൻ പൈതൃകമുള്ള സഭയാണ്.അത് അതിലേക്ക് തിരിച്ച് വരും. ബാക്കി ഒക്കെ ... ഒന്ന്, നേര് നിരങ്ങിയേ വരൂ രണ്ട് മെല്ലെ മെല്ലെയേ ഒറ്റയടിക്ക് ഇതൊന്നും.. എല്ലാം മാറും. അതാണ് തീർച്ചയായും പറയാനുള്ളത്.

2021 ജനുവരി ഒന്ന് കേരള സർക്കാർ കൊണ്ടുവന്ന സെമിത്തേരി ഓർഡിനൻസിന്റെ ഒന്നാം വാർഷീകമാണ്. കഴിഞ്ഞ ദിവസം ജെ.എസ്.സി. ന്യൂസിൽ സഹോദര വിഭാഗത്തിലെ ഒരു വ്യക്തി പറയുന്നത് കണ്ടു, പാർലമെന്റിന്റെയും അസംബ്ലിയുടേയും ചുമതലയാണ് നിയമനിർമ്മാണം, അതുകൊണ്ട് ഞങ്ങൾക്ക് നിയമനിർമ്മാണം നടത്തിത്തരണം. കോടതിയുടെ മറവിൽ നടക്കുന്ന കാര്യങ്ങളെ നിയമനിർമ്മാണ പ്രക്രിയയിലൂടെ മറികടക്കണം. മറികടക്കാൻ പറ്റുമെങ്കിൽ.... ആയിക്കോട്ടെ. അങ്ങനെ കോടതി വിധികളെ നിയമസഭക്ക് മറികടക്കാൻ സാധിക്കുമെങ്കിൽ ആയിക്കോട്ടെ. മറികടന്നത് എന്താണെന്നും അതിന്റെ നേട്ടം എന്താണെന്നും അത് ഏതു വരെ എത്തി എന്നും അതു നമുക്ക് അറിയാം. ഇനി ജനുവരി -1 ന് ഓർഡിനൻസിലൂടെ നിയമസഭ മറികടക്കുന്നെങ്കിൽ ആകട്ടെ. അതിലേക്ക് പോയിട്ട് ഇനിയും വലിച്ച് നീട്ടണം....നീട്ടട്ടെ...

എനിക്ക് പറയാനുള്ളത് ഒന്നാം ഘട്ടം ടെൻററടിച്ചു. ഞാൻ മുളന്തുരുത്തി ഉൾപ്പെടെ രണ്ടു മൂന്ന് ടെന്റിന്റെ മുന്നിലൂടെ പോയി. അപ്പോൾ ഒരു മനുഷ്യൻ അവിടെ ഇല്ല. അപ്പോൾ ഞങ്ങൾ രാത്രി മാത്രമേ മെഴുകുതിരി കത്തിച്ച് സഹിക്കുന്നുള്ളൂ, പകൽ ഞങ്ങൾ സഹിക്കുന്നില്ല.. കുറച്ചു നേരം ഞങ്ങൾ മെഴുകുതിരി കത്തിച്ച് ഇരിക്കുന്നുള്ളൂ.. അത് നല്ല കാര്യം. ആർക്കും എന്തിനോടും സമരം ചെയ്യാം. സമരം, നിയമം കയ്യിലെടുത്തു കൊണ്ടാകുമ്പോഴാണ് ഫോഴ്സ് ഇടപെടുന്നത്. അതുവരെ സമരത്തിന് ഒരു കുഴപ്പവുമില്ല. ജാഥ നടത്തുന്നു, ഭീമ ഹരജി കൊടുക്കുന്നു.. അതൊക്കെ ന്യായമായ കാര്യങ്ങൾ ചെയ്യുന്നെങ്കിൽ ചെയ്തോട്ടെ. അതിനൊരു കുഴപ്പവുമില്ല.

അടുത്ത ഘട്ടം ഡിസംബർ 15-മുതലാണ് തുടങ്ങുന്നത് .ക്രിസ്മസ് കഴിഞ്ഞിട്ടാണെങ്കിൽ.. തിരുജനനത്തെ കർത്താവ് ജനിച്ച കാലമല്ലേ .. ആ കാലത്ത് എല്ലാവരും,ഇവിടത്തെ നാനാജാതി മതസ്ഥർ യേശു പിറന്നു എന്ന് പറഞ്ഞ് ആഘോഷിക്കുന്ന സമയമാണ്. ക്രിസ്മസ്സ് എന്ന് പറയുന്നത് ദേശീയോത്സവമാണ്. കേരളത്തിൽ മാത്രമല്ല ലോകം എമ്പാടും അത് ദേശീയ ഉൽസവമാണ്.

തിരുവോണത്തിന്റെ അന്ന് ഉപവസിച്ചു കളഞ്ഞു. എന്ത് കാര്യത്തിനാണ്. ഇതൊക്കെ ...രാഷ്ട്രീയക്കാർ ഓരോന്നു ചെയ്യുന്നത് കണ്ടിട്ടുണ്ട്. ഞങ്ങൾക്ക് ആരാധനാ സ്വാതന്ത്ര്യം ഇല്ലാത്തതുകൊണ്ട് ഉപവസിക്കുകയാണ്.

എന്തിനാണ് ഈ പരിപാടി കാണിക്കുന്നത്. അങ്ങനെ സങ്കടമോ വിഷമമോ ഉണ്ടെങ്കിൽ ആയിക്കോട്ടെ, ആർക്കും വിരോധമില്ല, പക്ഷേ അത് നിയമം കയ്യിലെടുത്തു കൊണ്ടാകരുത്. ആ ഒരു പശ്ചാത്തലത്തിലാണ് പറയുന്നത് ജനുവരി ഒന്നാം തീയതി മൂന്നാം ഘട്ടം, അനിശ്ചിതകാല നിരാഹാര സത്യഗ്രഹം.

അപ്പോൾ എന്നോട് ചോദിച്ചു അടുത്ത ഘട്ടം എന്താണ്? പറഞ്ഞിട്ടില്ല. അത് അന്ത്യ ഘട്ടമാണ്. അന്ത്യഘട്ടം എന്താണ്? ഇതൊന്നും സാധിച്ചു കൊടുക്കാൻ ഒക്കാത്ത കാര്യങ്ങളാണ് പറയുന്നത്. സാധിച്ചു കൊടുക്കാനാകാത്ത കാര്യങ്ങള് നിരന്തരമായിട്ട് പറഞ്ഞു കൊണ്ടിരിക്കുമ്പോൾ ന്യായമായിട്ടും അവിടെ പിന്നെ ആർക്കാണ് സാധിക്കാൻ പറ്റുക, തമ്പുരാനാണ്... ഇടപെടും. തമ്പുരാൻ ഇടപെടും.

പിന്നെ പല ഗ്രൂപ്പുകളിലും വരുന്നുണ്ട് മക്കളേ, പെൻഷൻ ആയവർ അതും ഗവൺമെന്റ് സ്ഥാപനങ്ങളിൽ നിന്ന് പെൻഷൻ ആയവർ ഇതിന് പോയി ഇരുന്നാൽ കേസ് വന്നാൽ പെൻഷൻ കിട്ടില്ല. ഗവ. ജീവനക്കാർ പോയിരുന്നാൽ ശമ്പളം കിട്ടില്ല. ജോലി സാധ്യതയുള്ളവർ പോയിരുന്നാൽ ക്രിമിനൽ കേസ് വന്നാൽ ജോലി കിട്ടില്ല. വിദേശത്ത് പോകേണ്ടവർക്ക് അതിന് പറ്റില്ല. അതു കൊണ്ട് ഇതിലൊന്നും പെടാത്തവരെ വിടാവുള്ളൂ. എന്ന് പറഞ്ഞാൽ പാവങ്ങൾ, കർഷകർ, സ്ത്രീകൾ, കുഞ്ഞുങ്ങൾ, ഒരു കൊച്ചു കുട്ടി... കുഞ്ഞുങ്ങളെക്കൊണ്ട് രക്തം കൊണ്ടെഴുതിച്ചു. നിയമത്തിലൂടെ നീതി നിഷേധിക്കപ്പെടുകയാണെങ്കിൽ,നീതി നിഷേധിക്കപ്പെടുന്ന നിയമം ധിക്കരിക്കണം. അഞ്ചോ എട്ടോ വയസ്സുള്ള ഒരു പെൺകുട്ടിയുടെ കൈയിൽ ഒരു പ്ലക്കാർഡ് കൊടുത്തിരിക്കുകയാണ്.

കുട്ടികൾക്ക് ഇത് എന്താണെന്നറിയില്ല. അതിശക്തമായ ഈ വിരോധം കുത്തിവെച്ചിരിക്കുകയാണ്.എനിക്ക് അറിയാവുന്ന മൂന്ന്, നാല് കുഞ്ഞുങ്ങൾ കോലഞ്ചേരി പള്ളിയിൽ നിന്നും ഉൾപ്പെടെ ഉണ്ട്. അവരെ ഓർത്തഡോക്സ് വിഭാഗത്തിലേക്ക് വിവാഹം കഴിച്ചിട്ടുള്ളതാണ്. ഒരുപാട് പേർ ഉണ്ട് പക്ഷേ ഈ മൂന്ന് നാല് പേർ അടുത്തറിയുന്നവരാണ്. അവരുടെ ഭർത്താക്കൻമാർ 'വളരെ നല്ല കുടുംബ ജീവിതമാണ് ഞങ്ങളുടേത് ,പക്ഷേ ഈ ഒരു വിഷയം വന്നാൽ... ഞങ്ങൾ സംസാരിച്ചു. കാര്യകാരണ സഹിതം സംസാരിച്ചപ്പോൾ അവർ പറയുന്നത് ഞങ്ങളോട് ഇങ്ങനെ ഒന്നും അല്ല പറഞ്ഞു തന്നിട്ടുള്ളത്.

ഓർഡിനൻസ് ഉണ്ടാകുന്നു എങ്കിൽ ഉണ്ടാകട്ടെ. ഓർഡിനൻസ് ഉണ്ടായി, നിയമ നിർമ്മാണം നടത്തി നിയമനിർമ്മാണവും വിധിയും വരികയാണെങ്കിൽ വരട്ടെ. 2017 ജൂലായ് 3-ലെ വിധിയിൽ പ്രസ്തുത വിധിയെ മറികടന്നു കൊണ്ട് ഒന്നും സാധ്യമല്ല എന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട് . അത് ഞങ്ങൾക്ക് ബാധകമല്ല എന്ന് പറയുന്നവരോട് സഹതപിക്കുകയല്ലാതെ വേറെ വഴിയൊന്നുമില്ല.

ദൈവം തമ്പുരാൻ ഇടപെടേണ്ട സമയത്ത് ഇടപെടേണ്ട രീതിയിൽ ഇടപെട്ട ചരിത്രമാണ് വി. തോമാശ്ലീഹായാൽ എ.ഡി. 52-ൽ ഭാരതത്തിൽ സ്ഥാപിതമായ മലങ്കര സഭക്കുള്ളത്. വ്യവഹാര രഹിതവും വിദേശ ഊന്നുവടി ആവശ്യമില്ലാത്ത ഏക മലങ്കര സഭയെന്ന പ. കാതോലിക്കാ ബാവായുടെ - പ. സുന്നഹദോസിന്റെ -സഭയിലെ വിശ്വാസ സമൂഹത്തിന്റെ സ്വപ്നം നിറവേറുന്ന നിമിഷങ്ങൾക്കായി പ്രത്യാശയോടെ പ്രാർത്ഥനയോടെ കാത്തിരിക്കാം.

ദൈവം നമ്മെ ഏവരേയും വാഴ്ത്തി അനുഗ്രഹിക്കുമാറാകട്ടെ....

പുലിക്കോട്ടിൽ ഡോ. ഗീവർഗ്ഗീസ്
മാർ യൂലിയോസ്
മാധ്യമ വിഭാഗം അദ്ധ്യക്ഷൻ,
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ.

ലേഖനം

പരിശുദ്ധാത്മാവിന്റെ പ്രവർത്തികൾ

ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്

പരിശുദ്ധാത്മാവിന്റെ പ്രവർത്തികൾ

അപ്പോസ്തോലപ്രവർത്തികൾ അപ്പോസ്തോലന്മാരുടെ പ്രവർത്തികളാകുന്നു. അപ്പോസ്തോലന്മാരാകട്ടെ, അവരുടെ വാക്കും പ്രവർത്തിയും പരിശുദ്ധാത്മാവിന്റെ പ്രവർത്തികളായാണ് തിരിച്ചറിഞ്ഞത്. ഓരോ ചുവടുവയ്പും പരിശുദ്ധാത്മാവിന്റെ ആലോചനപ്രകാരമുള്ള നടപടികളായിരുന്നു. പരിശുദ്ധാത്മാവ് അവരെ ഉപകരണങ്ങളായി എടുത്തുപയോഗിക്കുകയായിരുന്നു. ക്രിസ്തുവിലൂടെ പൂർത്തീകരിക്കപ്പെട്ട ദൈവിക വ്യാപാരം ഇങ്ങനെ ഇന്നിന്റെ അനുഭവമായി പരിശുദ്ധാത്മാവ് ശിഷ്യരിലൂടെ കാലികമാക്കുന്നു.

മറ്റൊരുവിധത്തിൽ പറഞ്ഞാൽ സർവ്വ ദൈവിക വ്യാപാരവും ഇന്ന് ഇവിടെ പൂർത്തീകരിക്കപ്പെടുന്നത് പരിശുദ്ധാത്മാവിലാകുന്നുവെന്നും ക്രിസ്തുവിൽ നിവർത്തിതമായ ദൈവത്തിന്റെ സകല രക്ഷാകര പ്രവർത്തികളും ഇന്ന് ക്രിസ്തുശിഷ്യരിലൂടെ പരിശുദ്ധാത്മാവിൽ പൂർത്തീകരിക്കപ്പെടുന്നുവെന്നും അപ്പോസ്തോലപ്രവർത്തികൾ ഊന്നിപ്പറയുന്നു. പരിശുദ്ധാത്മാവ് ഇന്ന് നമ്മിലൂടെ എന്ത് എങ്ങനെ സംസാരിക്കുന്നുവെന്നും പ്രവർത്തിക്കുന്നുവെന്നും സ്വയം ചോദിക്കാനും പരിശോധിക്കാനും ഈ മുന്നറിവോടെയുള്ള അപ്പോസ്തോല പ്രവർത്തികളുടെ വായന വളരെ സഹായിക്കും.

സർവ്വവും പരിശുദ്ധാത്മാവിൽ

മുൻ സൂചിപ്പിച്ചപ്രകാരം സർവ്വവും പരിശുദ്ധാത്മാവിലാകുന്നുവെന്ന സാക്ഷ്യമാണ് അപ്പോസ്തോല പ്രവർത്തികളെ മറ്റു പുതിയ നിയമ പുസ്തകങ്ങളിൽ നിന്നും വേറിട്ടു നിർത്തുന്നത്.

തുടക്കം മുതൽ ഒടുക്കം വരെ പരിശുദ്ധാത്മ നടത്തിപ്പിന്റെ ഊന്നൽ കാണാം. പരിശുദ്ധാത്മ സ്പന്ദനം അറിഞ്ഞുകൊണ്ടു മാത്രമേ അപ്പോസ്തോല പ്രവർത്തികളുടെ ഓരോ താളും വായിച്ചു മറിച്ച് മുന്നോട്ടു പോകാനാകൂ.

ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തനാൾ അപ്പോസ്തോലർക്ക് നൽകിയ നിർദ്ദേശത്തെക്കുറിച്ചു ലൂക്കോസ് പറയുന്നത് നോക്കൂ, "യേശു തിരഞ്ഞെടുത്ത അപ്പോസ്തോലന്മാർക്ക് പരിശുദ്ധാത്മാവിനാൽ കല്പന കൊടുത്തിട്ട്...." (1:1) എന്നു വിശേഷിപ്പിച്ചശേഷം അപ്പോസ്തോലർ യെരുശലേമിൽ "പിതാവിന്റെ വാഗ്ദത്തത്തിനായി (പരിശുദ്ധാത്മാവിനായി) കാത്തിരിക്കണം" എന്നും (1:4) താമസംവിനാ അവർക്ക് "പരിശുദ്ധാത്മാവുകൊണ്ടു സ്നാനം ലഭിക്കും" എന്നും (1:5) "പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ... ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും" (1:8) എന്നും മുന്നറിയിക്കുന്നു. പരിശുദ്ധാത്മനിറവും പരിശുദ്ധാത്മശക്തിയിലുള്ള സാക്ഷ്യവുമാണ് ലൂക്കോസിന്റെ രണ്ടാം ചരിത്ര ഗ്രന്ഥമായ അപ്പോസ്തോലപ്രവർത്തികളുടെ ഉള്ളടക്കം തന്നെയെന്ന് സംക്ഷേപിച്ചു പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമായിരിക്കുന്നു. കൊടിയ കാറ്റായി വന്നും വീടു മുഴുവനും നിറയുന്ന മുഴക്കമായി കേട്ടും അഗ്നിനാവുകളായി പതിഞ്ഞും പരിശുദ്ധാത്മാവ് നിറഞ്ഞ് ഭാഷാവരം പ്രാപിച്ച് (2:1-4) ദൈവത്തിന്റെ വൻ കാര്യങ്ങളെ പ്രസ്താവിക്കുന്ന ആദിമസഭയും (2:11) ഇതു കണ്ടും കേട്ടും അമ്പരന്നും ഭ്രമിച്ചും ഇതെന്തായിരിക്കും എന്ന് അദ്ഭുതം കൂറിയും നിൽക്കുന്നവരും പുതുവീഞ്ഞു കുടിച്ചു മദിച്ചുവെന്ന് പരിഹസിച്ചു പറയുന്നവരുമായി തിരിഞ്ഞും പിരിഞ്ഞും പ്രതികരിച്ചു നിൽക്കുന്ന ലോകവും (2:7, 11-14); ഇത്ര ഹ്രസ്വവും സജീവവുമായ ആഖ്യാനം പരിശുദ്ധാത്മാവിനാൽ തന്നെയെന്ന് നാം കാണുന്നു.

പരിശുദ്ധാത്മ വരങ്ങൾ

'പിതാവിന്റെ വാഗ്ദത്തം' എന്നും 'പരിശുദ്ധാത്മാവ് എന്ന ദാനം' എന്നും ക്രിസ്തുവിന്റെയും പത്രോസിന്റെയും വാക്കുകളിലൂടെ ലൂക്കോസ് പരിശുദ്ധാത്മാവിനെ വിശേഷിപ്പിച്ചിരിക്കുന്നു (അപ്പോ. പ്ര. 1:4; 2:38). പരിശുദ്ധാത്മാവിനാൽ നിറയുന്ന സഭ പരിശുദ്ധാത്മ വരങ്ങൾ കൊണ്ട് സമ്പന്നമാവും (1 കൊരി. 12:8-9). ഇവയിൽ ഭാഷാവരവും പ്രവചനവരവും പെന്തിക്കോസ്തിയിൽ സവിശേഷമായി പ്രകാശിച്ചുവെന്ന് കാണാം. ഈ അനുഭവം ആവർത്തിക്കുന്നതായും രേഖപ്പെടുത്തിയിരിക്കുന്നു (അപ്പോ. പ്ര. 19:6). [ഈ രണ്ട് വരങ്ങളും പ്രത്യേകമായി എടുത്തുപറഞ്ഞ് വിശുദ്ധ പൗലോസ് വിശദീകരിക്കുമ്പോൾ (1 കൊരി. 14) ഭാഷാവരം സഭയിൽ നിഗളവും കലക്കവും ഉണ്ടാക്കി ദുഷിച്ചു പോകാൻ സാദ്ധ്യതയുള്ളതെന്ന് പ്രായോഗികമായി മനസ്സിലാക്കി ഭാഷാവരത്തേക്കാൾ പ്രവചനവരത്തിന്റെ പ്രാധാന്യം എടുത്തുപറയുന്നുവെന്ന് ആനുഷംഗികമായി സൂചിപ്പിക്കട്ടെ.] അന്ത്യകാലത്ത് നിങ്ങളുടെ പുത്രന്മാരും പുത്രിമാരും യുവാക്കളും വൃദ്ധരും ദാസന്മാരും ദാസികളുമായി സകല ജഡത്തിന്മേലും പരിശുദ്ധാത്മാവിനെ പകരുമെന്നും അവർ പ്രവചിക്കുമെന്നുമുള്ള യോവേൽ പ്രവചനം പെന്തിക്കോസ്തിയിൽ പൂർത്തീകരിക്കുന്നുവെന്ന് പ്രസ്തുത പ്രവചനഭാഗം ഉദ്ധരിച്ചുകൊണ്ട് പത്രോസ് ചൂണ്ടിക്കാണിക്കുന്നു (യോവേൽ 2:28-29, അപ്പോ. പ്ര. 2:17-18). യെരുശലേമിൽ നിന്നു വന്ന പ്രവാചകരിൽ ഒരുവനായ അഗബോസ് "പരിശുദ്ധാത്മാവിനാൽ പ്രവചിച്ചു" (അപ്പോ. പ്ര. 11:27) എന്ന് എഴുതുമ്പോൾ പ്രവചനം പരിശുദ്ധാത്മവരം എന്ന് ലൂക്കോസ് വീണ്ടും ഊന്നിപ്പറയുന്നു. ദാവീദിന്റെയും (അപ്പോ. പ്ര. 1:16; 4:26) യെശയ്യാവിന്റെയും (അപ്പോ. പ്ര. 28:27) പ്രവചനങ്ങൾ പരാമർശിക്കുമ്പോൾ പരിശുദ്ധാത്മാവ് പ്രവാചകൻ മുഖാന്തിരം അരുളിച്ചെയ്തു എന്നോ ദൈവം പരിശുദ്ധാത്മാവിനാൽ അരുളിച്ചെയ്തു എന്നോ ദൈവം പരിശുദ്ധാത്മാവിനാൽ പ്രവാചകൻ മുഖാന്തിരം അരുളിച്ചെയ്തു എന്നോ പറഞ്ഞിരിക്കുന്നു. പരിശുദ്ധാത്മാവും പ്രവചനവരവും തമ്മിലുള്ള ബന്ധം ലൂക്കോസ് ഇങ്ങനെ ആവർത്തിച്ചുറപ്പിക്കുന്നു.



പരിശുദ്ധാത്മ നിറവിൽ

മഹാപുരോഹിതനായ ഹന്നാവിനോടും യെഹൂദജനത്തിന്റെ പ്രമാണികളോടും പെന്തിക്കോസ്തി ദിവസം "എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നൽകിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചുതുടങ്ങി" എന്നു സാക്ഷ്യപ്പെടുത്തുന്നു. യഹൂദജനത്തിന്റെ പ്രമാണികളോടും മഹാ പുരോഹിതനായ ഹന്നാവിനോടും മറ്റ് മഹാപുരോഹിത വംശത്തിലുള്ളവരോടും പരിശുദ്ധാത്മാവ് നിറഞ്ഞവനായി പത്രോസ് സംസാരിക്കുന്നു (അപ്പോ. പ്ര. 4:8). ദൈവവചനം പൂർണ്ണധൈര്യത്തോടെ പ്രസ്താവി

പ്പാൻ കൃപ നൽകണമേ എന്ന് സഭ ഒരുമനപ്പെട്ടു പ്രാർത്ഥിച്ചപ്പോൾ "എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ദൈവവചനം ധൈര്യത്തോടെ പ്രസ്താവിച്ചു" എന്നു ലൂക്കോസ് രേഖപ്പെടുത്തുന്നു (അപ്പോ. പ്ര. 4:31). വിധവമാരുടെ ശുശ്രൂഷയ്ക്കായി സഭ തിരഞ്ഞെടുത്തു നിയോഗിച്ചാക്കുന്ന ഏഴ് പുരുഷന്മാർ പരിശുദ്ധാത്മ നിറവുള്ളവരായിരുന്നുവെന്നും (അപ്പോ. പ്ര. 6:3, 5) അവരിൽ ആദ്യ പേരുകാരനായ സ്തേഫാനോസ് പരിശുദ്ധാത്മാവ് നിറഞ്ഞവനായി സ്വർഗ്ഗത്തിലേക്ക് ഉറ്റുനോക്കി' എന്നും കാണുന്നു. ഏലിമാസ് എന്ന കള്ള പ്രവാചകനെ പൗലോസ് അഭിമുഖീകരിക്കുന്ന സന്ദർഭം "അപ്പോൾ പൗലോസ് എന്ന ശൗൽ പരിശുദ്ധാത്മ പൂർണ്ണനായി അവനെ ഉറ്റുനോക്കി" (അപ്പോ. പ്ര. 13:9) എന്ന് എഴുതിയിരിക്കുന്നു. തകർന്നും തളർന്നും പോകുന്ന പ്രാതികൂല്യങ്ങളുടെ മധ്യേ പരിശുദ്ധാത്മ നിറവു നൽകുന്ന ഉയിരും സ്ഥൈര്യവും ധൈര്യവും; സമൂഹത്തിൽ ഒറ്റപ്പെട്ടും അന്യപ്പെട്ടും പ്രാന്തസ്ഥരായും പുറംതള്ളപ്പെട്ടും താഴ്ന്നും താഴ്ത്തപ്പെട്ടും കഴിഞ്ഞവർ നിവർന്നെഴുന്നേറ്റ് പരിശുദ്ധാത്മ ശക്തിയോടെ സംസാരിക്കുന്നതും സാക്ഷിക്കുന്നതും അപ്പോസ്തോല പ്രവർത്തികളുടെ മുഖ്യപ്രമേയങ്ങളിലൊന്നാണെന്ന് കാണാം.

പരിശുദ്ധാത്മാവിന്റെ ആലോചന

സ്വത്തിൽ നിന്ന് കുറെ മാറ്റി വച്ച് ഒരംശം സമർപ്പിച്ച അനന്യാസ് 'പരിശുദ്ധാത്മാവിനോട് വ്യാജം കാണിക്കുന്നു' എന്ന് പത്രോസ് ചൂണ്ടിക്കാട്ടുന്നു (അപ്പോ. പ്ര. 5:3); പരിശുദ്ധാത്മാവിന്റെ ഉൾപ്രേരണയോട് (ആലോചനയോട്) സന്നിദ്രിംസംഘം മറുത്തുനിൽക്കുന്നു (അപ്പോ. പ്ര. 7:52); "നീ തേരിനോട് ചേർന്ന് നടക്ക എന്ന് ഫിലിപ്പോസിന് പരിശുദ്ധാത്മാവ് നിർദ്ദേശം നൽകുന്നു" (അപ്പോ. പ്ര. 8:29); "നീ എഴുന്നേറ്റ് ഇറങ്ങിച്ചെല്ലുക" എന്ന് പത്രോസിനോട് പരിശുദ്ധാത്മാവ് ആവശ്യപ്പെടുന്നു (അപ്പോ. പ്ര. 10:19, 11:12). "ഞാൻ ബർന്നബാസിനേയും ശൗലിനേയും വിളിച്ചിരിക്കുന്ന വേലയ്ക്കായി അവരെ എനിക്കു വേർതിരിപ്പിൻ" എന്ന് പരിശുദ്ധാത്മാവ് സഭയ്ക്ക് ആലോചന നൽകുന്നു (അപ്പോ. പ്ര. 13:02); "പരിശുദ്ധാത്മാവ് അവരെ പറഞ്ഞയിച്ചിട്ട് അവർ സെലൂക്യയിലേക്ക് ചെന്നു" (അപ്പോ.പ്ര. 13:04); പൗലോസും സംഘവും "ആസ്യയിൽ വചനം പ്രസംഗിക്കരുതെന്ന് പരിശുദ്ധാത്മാവ് വിലക്കി" (അപ്പോ. പ്ര. 16:06); മൂസ്യയിലെത്തി ബിഥുന്യയ്ക്ക് പോകുവാൻ ശ്രമിക്കുമ്പോൾ "യേശുവിന്റെ ആത്മാവോ അവരെ സമ്മതിച്ചില്ല" (അപ്പോ. പ്ര. 16:07); "ഇപ്പോൾ ഞാൻ ആത്മാവിനാൽ ബന്ധിക്കപ്പെട്ടവനായി യെരുശലേമിലേക്ക് പോകുന്നു. ബന്ധനങ്ങളും കഷ്ടതകളും എനിക്കായി കാത്തിരിക്കുന്നു എന്ന് പരിശുദ്ധാത്മാവ് പട്ടണംതോറും സാക്ഷ്യം പറയുന്നു" എന്നും (അപ്പോ. പ്ര. 20:22-23) യെരുശലേമിൽ വച്ച് യഹൂദന്മാർ തന്നെ ബന്ധിച്ച് ജാതികൾക്ക് ഏൽപ്പിക്കും എന്ന് പരിശുദ്ധാത്മാവ് പറയുന്നു" എന്ന് പൗലോസ് പറയുന്നു (അപ്പോ. പ്ര. 21:11); യേശുവിന്റെ ജീവിതത്തിനും രക്ഷണ്യ പ്രവർത്തിക്കും "ഞങ്ങളും... പരിശുദ്ധാത്മാവും സാക്ഷികൾ ആകുന്നു" എന്ന് പത്രോസും ശേഷം അപ്പോസ്തോലന്മാരും പറയുന്നു (5:32); വീണ്ടും പ്രസിദ്ധമായ യെരുശലേം സുന്നഹദോസിന്റെ നിശ്ചയം സംബന്ധിച്ച് "പരിശുദ്ധാത്മാവിന്നും ഞങ്ങൾക്കും തോന്നിയിരിക്കുന്നു" എന്ന് രേഖപ്പെടുത്തിയിരിക്കുന്നു (അപ്പോ. പ്ര. 15:28). പരിശുദ്ധാത്മാവിന്റെ ആലോചനയും നടത്തിപ്പും വിലക്കും അനുവാദവും നിർദ്ദേശവും നിയന്ത്രണവും അനുനിമിഷം അനുദിനം അന്വേഷിച്ചും അറിഞ്ഞും ജീവിതവും ദൗത്യവും സമസ്തവും ക്രമീകരിച്ചുകൊണ്ടുള്ള ഒരു പുതിയ കാഴ്ചപ്പാടും പ്രവർത്തനശൈലിയും രൂപപ്പെടുത്തിയെടുക്കാൻ ഈ പുതിയനിയമ ഗ്രന്ഥം നമ്മോടാവശ്യപ്പെടുന്നു.


❑



മാത്യൂസ് മാർ ബർണബാസിന്റെ സ്മരണാർത്ഥം ആദ്യമായി ഇറങ്ങുന്ന ഗാനോപഹാരം 'നിർമമം' പ. കാതോലിക്കാ ബാവാ ഡോ. മാത്യൂസ് മാർ സേവേറിയോസിന് നൽകി പ്രകാശനം ചെയ്തു.



മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്തായുടെ എട്ടാം ഓർമ്മ പെരുന്നാൾ ഡിസംബർ 8, 9 തീയതികളിൽ വളയൻചിറങ്ങര സെന്റ് പീറ്റേഴ്സ് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ ആചരിച്ചു. യുഹാനോൻ മാർ പൊളിക്കാർപ്പോസും, ഡോ. മാത്യൂസ് മാർ സേവേറിയോസും നേതൃത്വം നൽകി.






Dr. Geevarghese Mar Yulios with Mar Mathew Moolakkat, Mar Joseph Pandarasseril, Geevarghese Mar Aphrem, Fr. Binu Kunnathu and Dr. Eapen Cherian.

സഭാസ്വാതന്ത്ര്യത്തിന്റെ കരുത്തനായ വക്താവ്

ഫാ. ടൈറ്റസ് ജോർജ്
(തുമ്പമൺ ഭദ്രാസന സെക്രട്ടറി)

വടുതല ഈശോ കത്തനാരുടെ ദ്വിതീയ പുത്രനായി ഭൂജാതം ചെയ്ത ദാനിയേൽ മാർ പീലക്സിനോസ്, കോട്ടയം എം.ഡി. സെമിനാരി, സി.എം. എസ്. കോളജ് എന്നിവിടങ്ങളിൽ നിന്നും വിദ്യാഭ്യാസം നേടി 1921–ൽ പ. വട്ടശ്ശേരിൽ ദീവന്നാസിയോസ് തിരുമേനിയിൽ നിന്നും കോറൂയോ പട്ടം സ്വീകരിച്ചു. സെറാമ്പൂരിൽ നിന്നും ബി.ഡി. ബിരുദം നേടി. 1936 മുതൽ 1951 വരെ കാതോലിക്കേറ്റ് ഹൈസ്കൂളിൽ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു. ജീവിതത്തിന്റെ ഉന്നതശ്രേണിയിൽ എത്തിയ ഒരു വലിയ ശിഷ്യസമൂഹം അദ്ദേഹത്തിനുണ്ടായിരുന്നു. തമിഴ്നാട് ഗവർണറായിരുന്ന ജസ്റ്റീസ് ഫാത്തിമാ ബീവി, ശ്രീ കെ. കെ. നായർ എം.എൽ.എ., ശ്രീ കെ. വി. മാമ്മൻ, റവ. ഡോ. പി. സി. ഈപ്പൻ അങ്ങനെ അനേകർ അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ സ്നേഹമസൃണമായ പെരുമാറ്റവും വാത്സല്യവും അനുഭവിച്ച, എന്റെ മാതാവുൾപ്പെടെയുള്ളവർക്ക് അദ്ദേഹം വലിയൊരു ആദർശപുരുഷനായിരുന്നു. കരുത്തുള്ള ശരീരഘടനയുള്ള അദ്ദേഹം ഒരു സ്പോർട്സ് പ്രേമിയും ഫുട്ബോളറും 'ഹെർക്കുലീസ്' എന്ന പേരിൽ അറിയപ്പെടുന്ന ആളുമായിരുന്നു. മെത്രാപ്പോലീത്താ ആയതിനുശേഷം ബോഡിബിൽഡിംഗ് എക്സർസൈസ് നിർത്തിയത്, പിന്നീട് ഒരു വിനയായതായി ഞാൻ മനസ്സിലാക്കുന്നു. 1938–ൽ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായിൽ നിന്നും പൂർണ്ണശെമ്മാശുപട്ടവും 1944–ൽ കശീശപട്ടവും സ്വീകരിച്ചു. 1951–ൽ കാതോലിക്കേറ്റ് കോളജ് സ്ഥാപിച്ചപ്പോൾ അതിന്റെ പ്രഥമ പ്രിൻസിപ്പാൾ ആയിരുന്ന പി. ഇ. ഡാനിയേൽ റമ്പാൻ 1953 മെയ് 15 സ്വർണ്ണവെള്ളിയാഴ്ച ദിനത്തിൽ കുറിച്ചി ബാവ എന്ന പേരിൽ അറിയപ്പെടുന്ന 'വലിയ ബാവാ'യിൽ നിന്നും എപ്പിസ്കോപ്പാ സ്ഥാനം സ്വീകരിച്ചു. തുമ്പമൺ ഭദ്രാസനത്തിന്റെ ഭരണസാരഥ്യം ഏറ്റെടുത്ത അദ്ദേഹം പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ യഥാർത്ഥ പിൻഗാമിയായിരുന്നു. പുത്തൻകാവിൽ തിരുമേനി പറയുമായിരുന്നു, "ഞാൻ ഒരു Conqueror ആണ്. താൻ എല്ലാം Consolidate ചെയ്തുകൊള്ളണം. തുമ്പമൺ ഭദ്രാസനം ഒരു മാതൃകാഭദ്രാസനമായി മലങ്കരസഭയിലെ ഏറ്റവും കരുത്തുള്ള ഭദ്രാസനമാക്കി മാറ്റിയത് പീലക്സിനോസ് തിരുമേനിയായിരുന്നു. കാലംചെയ്ത ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ വാക്കുകളിൽ പറഞ്ഞാൽ, "വലിയ തിരുമേനി എല്ലാം അടുക്കും ചിട്ടയിലും ആക്കിയിട്ടിരിക്കുകയാണ്. പിൻഗാമികൾ വന്ന് വെറുതെ ഡ്രൈവിംഗ് സീറ്റിൽ ഇരുന്നാൽ മതി." പീലക്സിനോസ് തിരുമേനി എപ്പോഴും പറയുന്ന ഒരു വാചകം ഞാൻ ഇവിടെ കുറിക്കുന്നു. "തുമ്പമൺ ഭദ്രാസനം എന്നും ഒന്നാമതാണ്. അത് എന്നും അങ്ങനെയായിരിക്കണം." ആ നില ഇന്നും തുടരുന്നു.

ആത്മീയ പ്രസ്ഥാനങ്ങൾ സഭയുടെ നട്ടെല്ലാണെന്ന് അദ്ദേഹം വിശ്വസിച്ചു. സഭയിൽ ഇന്നു കാണുന്ന പല ആത്മീയ പ്രസ്ഥാനങ്ങളും ആരംഭിച്ചത് തുമ്പമൺ ഭദ്രാസനത്തിലാണ്. യുവജനപ്രസ്ഥാനം, ബാല–ബാലിക സമാജങ്ങൾ തുടങ്ങിയ പലതും. കെ. ഡേവിഡ് കോർഎപ്പിസ്കോപ്പാ സണ്ടേസ്കൂൾ ഡയറക്ടറായിരുന്ന കാലത്ത് സണ്ടേസ്കൂൾ പ്രസ്സ് പത്തനംതിട്ടയിൽ ആയിരുന്നു. ബാലസമാജത്തിന്റെ ആദ്യ സെക്രട്ടറി സി. പി. ചാണ്ടി സാർ ആയിരുന്നു. കോട്ടയം പഴയസെമിനാരി പൂട്ടിക്കിടന്ന സമയത്ത് സെമിനാരി പ്രവർത്തിച്ചത് പത്തനംതിട്ട ബേസിൽ അരമനയിലായിരുന്നു. പ. മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനി ശെമ്മാശ്ശനായി പഠിച്ച സെമിനാരിയിൽ പീലക്സിനോസ് തിരുമേനി പഴയനിയമ അദ്ധ്യാപകനായിരുന്നു. സഭയിൽ ആദ്യമായി വൈദിക ശമ്പളപദ്ധതി നടപ്പിലാക്കിയത് അഭി. തിരുമേനിയായിരുന്നു. 23 സ്ഥാപനങ്ങളുള്ള ഭദ്രാസനത്തിൽ ശോച്യാവസ്ഥയിലുള്ള ഒരു പള്ളിയും അവശേഷിക്കുന്നില്ല.



ഓർമ്മ നവംബർ 24–ന് പഴയസെമിനാരിയിൽ

ഒരു സമയത്ത് സഭയിലെ ഏറ്റവും കരുത്തുള്ള മെത്രാപ്പോലീത്തായായിരുന്നു അദ്ദേഹം. സഭയെ പ്രതിനിധീകരിച്ച്, അദ്ദേഹം അനേകം കോൺഫ്രൻസുകളിലും ചടങ്ങുകളിലും പങ്കെടുത്തു. 1954–ൽ നടന്ന അഖിലലോക ക്രൈസ്തവ സമ്മേളനം, 1963–ൽ നടന്ന റഷ്യൻ പാത്രിയർക്കീസിന്റെ സ്ഥാനാരോഹണ ജൂബിലി, 1965–ൽ എത്യോപ്യയിൽ നടന്ന ഓർത്തഡോക്സ് സഭാദ്ധ്യക്ഷന്മാരുടെ കോൺഫ്രൻസ് എന്നിവ അവയിൽ ചിലത് മാത്രം. പ. എപ്പിസ്കോപ്പൽ സുന്നഹദോസിന് അടുക്കും ചിട്ടയും മിനിട്സും മറ്റും ഉണ്ടാക്കിയ ആദ്യ സെക്രട്ടറി, വിദ്യാർത്ഥിപ്രസ്ഥാനം പ്രസിഡണ്ട് (ശ്രീ സി. എം. സ്റ്റീഫൻ, ശ്രീ ബാബു പോൾ, ശ്രീ പി. സി. അലക്സാണ്ടർ തുടങ്ങിയവർ അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ചു) യുവജനപ്രസ്ഥാനം പ്രസിഡണ്ട്, ഗീവർഗീസ് ദ്വിതീയൻ ബാവായുടെ അസിസ്റ്റന്റ്, ഇന്റർ ചർച്ച് റിലേഷൻസ് കമ്മിറ്റി പ്രസിഡണ്ട്, കാതോലിക്കേറ്റ് കോളജ് മാനേജർ, ബാലികാമഠം സ്കൂൾ മാനേജർ, പത്തനംതിട്ട ജില്ലാ രൂപീകരണസമിതി രക്ഷാധികാരി തുടങ്ങിയ ഒട്ടേറെ പദവികൾ അദ്ദേഹം വഹിച്ചു. കൊച്ചി ഇടവകയുടെ മാർ സേവേറിയോസ് കാലംചെയ്തപ്പോൾ ആയതിന്റെ ചുമതലയും അദ്ദേഹം ഏറ്റെടുത്തു. അദ്ദേഹം അവിടെയുള്ള വൈദികരോട് കാട്ടിയ സ്നേഹവും സഹകരണവും അവരുടെ ഇടയിൽ മധുരസ്മരണകളായി ഇന്നും നിലനിൽക്കുന്നു. അഭി. പിതാവ് ജീവിതത്തിന്റെ അവസാനഘട്ടത്തിൽ എറണാകുളം ലിസ്സി ആശുപത്രിയിൽ കിടക്കുമ്പോൾ തോമസ് ദീവന്നാസ്യോസ് (ശ്രേഷ്ഠ ബാവ) തിരുമേനിയെ കാണാൻ വന്നിരുന്നു. ഞാൻ കസേര നീക്കി ഇട്ടുകൊടുത്തു. അദ്ദേഹം പറഞ്ഞു, "ഇതെന്റെ

ഗുരുവാണ്. ഞാൻ ഇരിക്കുകയില്ല." പ്രാർത്ഥിച്ചിട്ട് മടങ്ങി. അദ്ദേഹം പോയപ്പോൾ മനസ്സിലായോ എന്ന് ചോദിച്ചപ്പോൾ ഒരു ചിരി മാത്രമായിരുന്നു തിരുമേനിയുടെ മറുപടി.

അഭി. തിരുമേനി ഒരു സംഘാടകനായിരുന്നു. 1964-ൽ അന്ത്യോഖ്യാ പാത്രിയർക്കീസ് യാക്കൂബ് തൃതീയൻ ഇന്ത്യയിൽ വന്നപ്പോൾ അപ്പോഴത്തെ എല്ലാ പരിപാടികളും സംഘടിപ്പിച്ചത് തിരുമേനി ആയിരുന്നു. അതിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് പാത്രിയർക്കീസ് എഴുതിയ കത്ത് ചുവടെ ചേർക്കുന്നു:

3rd August 1964

It is over a month since we left India, but we are always remembering your smiling face, visionizing your good spirit and good heart and admiring your love towards us. We are very thankful to your Grace for all services rendered us during our visit. We can very well realize your tenderness work for making our visitation very successful. We hope to see your Grace again and again.

May God bless you your clergies & faithful

(sd)

പത്തനംതിട്ടയിൽ പാത്രിയർക്കീസിന് നൽകിയ സ്വീകരണം, റഷ്യൻ പാത്രിയർക്കീസ് പീമൻ രണ്ടാമനും സംഘത്തിനും നൽകിയ സ്വീകരണം, മാക്കാംകുന്ന് കൺവൻഷൻ സപ്തതി തുടങ്ങിയവ അതിൽ ചിലതു മാത്രം. വിദ്യാർത്ഥി പ്രസ്ഥാനം കോൺഫ്രൻസുകളിൽ കുട്ടികളോടൊപ്പം ഡസ്കിൽ ഷീറ്റ് വിരിച്ച് കിടന്ന കാര്യം തിരുമേനി അനുസ്മരിച്ചിട്ടുണ്ട്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയെക്കുറിച്ച് വലിയ സ്വപ്നങ്ങൾ ഉള്ള, സഭയെ ഒന്നായി കണ്ട ഒരു വലിയ പിതാവാണ് അദ്ദേഹം. സഭയുടെ ആദ്യ കോളജായ പത്തനംതിട്ട കാതോലിക്കേറ്റ് കോളജിനോട് അദ്ദേഹത്തിന് വൈകാരികമായി വലിയ ബന്ധമുണ്ടായിരുന്നിട്ടും അത് കോർപ്പറേറ്റിന് വിട്ടുകൊടുത്തു. സഭയുടെ കീഴിലുള്ള എല്ലാ കോളജുകളും അതിൽ വരുമെന്ന് തിരുമേനിയെ ധരിപ്പിച്ചുവെങ്കിലും അതുണ്ടായില്ല. ബസ്സേലിയോസും കാതോലിക്കേറ്റും, പാമ്പാടി കോളജും മാത്രം. അടൂർ കോളജു പോലും അതിൽ വന്നില്ല. ഒ. എ. മാത്യു സാർ എം.ഒ.സി. സെക്രട്ടറി ആയിരുന്ന കാലത്തു മാത്രം അതിന്റെ കാര്യങ്ങൾ ഭംഗിയായി പോയി. സ്കൂളുകൾ കോർപ്പറേറ്റിൽ ആക്കിയ സമയത്തും തിരുമേനി അതിനെ പിന്തുണച്ചു. 1958-ലെ സഭായോജിപ്പിനുശേഷം ഭദ്രാസന പുനർവിഭജനം സഭയുടെ കെട്ടുറപ്പിന് അനിവാര്യമാണെന്ന് അദ്ദേഹം വാദിച്ചു. ആയതിനുവേണ്ടി രൂപീകരിച്ച കമ്മിറ്റിയുടെ ചെയർമാൻ തിരുമേനിയും കൺവീനർ കോനാട്ട് ഏബ്രഹാം അച്ചനും ആയിരുന്നു. ഒരു നല്ല റിപ്പോർട്ട് കൊണ്ടുവന്നിട്ടും ചില ഉന്നതരുടെ സ്ഥാപിത താൽപര്യം അതിന് തടസ്സമായി വന്നു. അന്നത്തെ റിപ്പോർട്ടിൽ ഉണ്ടായിരുന്ന ഒരു ഭദ്രാസനം ആയിരുന്നു മാവേലിക്കര. ആ റിപ്പോർട്ട് അംഗീകരിച്ചിരുന്നുവെങ്കിൽ വടക്ക് സഭയ്ക്ക് കുറെക്കൂടി ശക്തി ഉണ്ടായേനെ. പാത്രിയർക്കീസ് വിഭാഗത്തിൽ നിന്നുവന്ന പൗലോസ് പീലക്സിനോസ്, വയലിപറമ്പിൽ മാർ ഗ്രീഗോറിയോസ് തുടങ്ങിയവരോട് തിരുമേനിക്ക് സൗഹൃദം ഉണ്ടായിരുന്നു. തുമ്പമൺ ഭദ്രാസനത്തിൽ ഉണ്ടായിരുന്ന അവരുടെ അച്ചന്മാരേയും പള്ളികളേയും ഗ്രീഗോറിയോസ് നേരിട്ട് വന്ന് തിരുമേനിയെ ഏല്പിക്കുകയായിരുന്നു.

സഭയുടെ വിശ്വാസം, സ്വയംശീർഷകത്വം എന്നീ കാര്യങ്ങളിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും അദ്ദേഹം തയ്യാറല്ലായിരുന്നു. പ. ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനിയും പീലക്സിനോസ് തിരുമേനിയും തമ്മിൽ വളരെ അടുത്ത സ്നേഹബന്ധമായിരുന്നു ഉണ്ടായിരുന്നത്. തന്റെ പിൻഗാമിയായി, തിരുമേനി വരണമെന്ന് ആഗ്രഹിച്ച് തന്റെ മാലയും ഊന്നുവടിയും സമ്മാനിച്ചു. 1968-ലെ സഭായോജിപ്പിന്റെ പശ്ചാത്തലത്തിൽ ഒരു യോജിച്ച സ്ഥാനാർത്ഥിയായി ഔഗേൻ മാർ തീമോത്തിയോസ് തിരുമേനിയെ തിരഞ്ഞെടുക്കുകയായിരുന്നു. അദ്ദേഹവും തന്റെ പിൻഗാമിയായി ആഗ്രഹിച്ചത് പീലക്സീനോസ് തിരുമേനിയെയായിരുന്നു. പാത്രിയർക്കീസും അത് ആഗ്രഹിച്ചു. അവർ രണ്ടുപേരും കൂടി ദമസ്കോസ് സന്ദർശിച്ചപ്പോൾ പാത്രിയർക്കീസും ഔഗേൻ ബാവായും ചേർന്ന് അതിന് ശ്രമം നടത്തിയെങ്കിലും തിരുമേനി അതിന് വഴങ്ങിയില്ല. സഭയുടെ സ്വാതന്ത്ര്യം എന്നേക്കുമായി നഷ്ടപ്പെടുത്താൻ അദ്ദേഹം തയ്യാറായില്ല. പിന്നീട് സഭയിൽ നടന്ന കാര്യങ്ങൾ എല്ലാം അറിയാമെങ്കിലും ഞാൻ എഴുതുന്നില്ല. വട്ടക്കുന്നേൽ മാത്യൂസ് പ്രഥമൻ ബാവാ തിരുമേനിയെ അദ്ദേഹം പൂർണ്ണമായി പിന്തുണയ്ക്കുകയും ആദരിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ തലയിൽ കൈവെച്ചപ്പോൾ ഒരു വാചകം പറഞ്ഞു. അത് ചെവിയിൽ മന്ത്രിച്ചതാണ് "സഭയുടെ പ്രധാന ഇടയനായത് കൊള്ളാം, സഭയെ ശ്രേഷ്ഠമായി നയിച്ചുകൊള്ളണം."

എന്റെ വ്യക്തിപരമായ ജീവിതത്തിൽ എന്നെ ഏറ്റവും അധികം സ്വാധീനിച്ച വ്യക്തിയാണ് പീലക്സിനോസ് തിരുമേനി. 10 വർഷത്തോളം ആ പുണ്യാത്മാവിനെ ശുശ്രൂഷിക്കുവാൻ കിട്ടിയ അവസരം വലിയ ഭാഗ്യമായി ഞാൻ കാണുന്നു. എന്റെ മാതാവ് അദ്ദേഹത്തിന്റെ പ്രിയ ശിഷ്യയായിരുന്നു. എന്നെ സെമിനാരിയിൽ വിടുവാൻ എന്റെ മാതാപിതാക്കൾ അരമനയിൽ വന്നപ്പോൾ തിരുമേനി പറഞ്ഞ വാക്കുകൾ ഇപ്രകാരമാണ്, 'നിന്റെ കുഞ്ഞിനെ എനിക്ക് തരണം.' അന്നു മുതൽ തിരുമേനി എന്നെ 'കുഞ്ഞേ' എന്നാണ് വിളിച്ചിരുന്നത്. അദ്ദേഹത്തിന്റെ രോഗഘട്ടങ്ങളിലും സാമ്പത്തികമുൾപ്പെടെയുള്ള പ്രതിസന്ധിവേളകളിലും ഞാൻ പാറപോലെ ഉറച്ചുനിന്നു. എനിക്ക് ചില കാര്യങ്ങൾ നഷ്ടമായി. അതിൽ പരിഭവമില്ല. തിരുമേനി പല കാര്യങ്ങളും എനിക്ക് തരാൻ നോക്കി. ഞാൻ ഒന്നും വാങ്ങിയില്ല. ഒരു കാര്യം മാത്രം ഞാൻ പറഞ്ഞു, 'സ്വർഗ്ഗരാജ്യത്തിൽ അങ്ങ് ആയിരിക്കുമ്പോൾ എന്നേക്കൂടെ ഓർക്കണം.'

അദ്ദേഹത്തിന്റെ പ്രാർത്ഥനാജീവിതം, ക്രമീകൃതമായ ഭരണരീതി ആത്മാർത്ഥത, അനുകമ്പ, ലാളിത്യം, വൈദികരെക്കുറിച്ചുള്ള കരുതൽ, ശുചിത്വം, സമയനിഷ്ഠ എന്നീ ഗുണങ്ങൾ എടുത്തുപറയേണ്ടതാണ്. അദ്ദേഹത്തിന്റെ ക്ലാസ്സുകളും പ്രസംഗങ്ങളും അർത്ഥസമ്പുഷ്ടങ്ങളായിരുന്നു. ആ വർഷത്തെ എല്ലാ പ്രസംഗങ്ങളും ഉൾപ്പെടുത്തിയുള്ള മാക്കാംകുന്ന് കൺവൻഷനിലെ സമാപന സന്ദേശം വളരെ ശ്രദ്ധേയമാണ്. "തന്റെ 10 മിനിറ്റ് നേരത്തെ പ്രസംഗമുണ്ടെങ്കിൽ എനിക്ക് ഒരു ദിവസം പറയാനുള്ള സത്ത അതിലുണ്ടെന്ന്" പുത്തൻകാവിൽ തിരുമേനി പറഞ്ഞിട്ടുണ്ട്. ശാരീരികക്ലേശം അവഗണിച്ച് 1990 -ലെ ദുഃഖവെള്ളിയാഴ്ച മുഴുവൻ സമയവും ചാപ്പലിന്റെ സൈഡ് മുറിയിൽ ഇരുന്ന് ആരാധനയിൽ സംബന്ധിച്ചത് ഞാൻ ഓർക്കുന്നു. ഒരു യാമപ്രാർത്ഥനയും അദ്ദേഹം നടത്താതെ പോവുകയില്ല. പ. ഗീവർഗീസ് ദ്വിതീയൻ ബാവായോടൊപ്പം കാറിൽ ഇരുന്ന് നടത്തിയിട്ടുള്ള സുറിയാനി ഭാഷയിലുള്ള യാമപ്രാർത്ഥനകളെക്കുറിച്ച് അദ്ദേഹം എന്നും അനുസ്മരിക്കുമായിരുന്നു.

ആദർശധീരനായ ആ പുണ്യപിതാവ് 1990 ഡിസംബർ 13-ന് കർത്തൃസന്നിധി പൂകി. താൻ ഏറ്റം സ്നേഹിച്ച കർത്താവേശുമിശിഹായുടേയും പ. മാതാവിന്റേയും മറ്റ് പരിശുദ്ധന്മാരുടേയും തന്നെ ഏറ്റം അധികം സ്നേഹിച്ച ഗീവർഗീസ് ദ്വിതീയൻ തിരുമേനിയുടേയും അദൃശ്യസാന്നിദ്ധ്യം അദ്ദേഹം അറിഞ്ഞു. ബാവാ തിരുമേനി തന്റെ കിടക്കയ്ക്കരുകിൽ നിൽക്കുന്നുവെന്ന് അവസാന സമയത്തെ പല സന്ദർഭങ്ങളിലും എന്നോട് നേരിട്ട് പറഞ്ഞിട്ടുണ്ട്. പ്രാർത്ഥനാ മന്ത്രങ്ങൾ ഒരുവിട്ടുകൊണ്ട് (ചുണ്ട് അനങ്ങുന്നത് നേരിൽ മനസ്സിലാക്കി) ഇഹലോകവാസം വെടിഞ്ഞ അദ്ദേഹത്തിന്റെ കബറിടം ബേസിൽ ചാപ്പലിനോട് ചേർന്ന മുറിയിൽ സ്ഥിതിചെയ്യുന്നു. അദ്ദേഹത്തിന്റെ പാവന സ്മരണയ്ക്കു മുമ്പിൽ ശിരസ് നമിക്കുന്നു.

പുസ്തകം



Article

Migration: A Soteriological Journey

Dn. Jerry Varghese



Introduction

Since 1990 the United Nation observes December 18 as International Migrants Day. The intention of the international *inclusivist* body is not simply to have an empathetic approach but also to build awareness among the bourgeoisie and letting know about the contribution of the migrants to the "perestroika" of each country around the world. As per a 2019 report UN has estimated the total migrant populace to be 272 million.

Before we go into more details about Migrants and their culture, let us understand who is a migrant? Even though the term migrant is not defined in the international law but based on a common understanding, it denotes any person who moves away from their usual residence whether within their country or across border, either temporarily or permanently due to varied reasons. Sampath G., a social affair editor at The Hindu, in his article *"The migrant workers as a ghost among citizens"*, about the ebbs and flows in the lives of migrant labourers of India during the lockdown, clearly lays out the fact that their existence is hardly counted as citizens by the policy legislators. The major challenges of a migrant is not simply about surviving political instability, military conflict, extreme climatic condition or pandemic outbreak, but acquiring an identity among whom they have adjusted to live.

Migration isn't a recent phenomenon, it has existed since Adam and Eve and sole objective is to seek liberation from hunger, conflicts and beyond, equally aspiring to grab opportunities even. Now, a question to ponder upon, hasn't migration been a key factor in the soteriological narration of the human race in the Bible?

In Old Testament

The first migration of the humankind was due to disobedience against the directives of God. A paradigm shift from abundance to mere sustenance. Adam and Eve were driven out from paradise due to their sin and consequently had to learn the skill for survival, but it wasn't without the providence of God (Gen 2&3). Very soon, the migrant race learnt the tactics of survival which gave rise to many emotional complexes. The son of Man committed another crime against God's *rta* by killing his own brother and became a criminal migrant but God put a mark for protecting Cain from others (Gen 4).

The human population multiplied along with their corrupt and violent nature. Then came a time for another migration, God instructed Noah to built an Ark and fill with two of each kind of creatures (Gen 6-8). This migration was due to climatic disaster. Noah and his family became migrants without a known destination. Eventually the crisis faded and God blessed the family of Noah to multiply and fructify. But very soon another crisis was set to struck because humanity desired to reach up to God through Babel and now the race which spoke one language, habitants of one place and culture were scattered over the face of the world with God confusing their language (Gen 11).

A new mode of migration started from the Abrahamic age. Till now all the migration initiated by God was out of punishment but from Gen 12 we see a twist in the concept of migration. God's elected community starts with a soteriological purpose of migration as promised to three patriarchs of Israel (Abraham, Isaac and Jacob). The story of Abraham's migration, leaving behind his family, was done by accepting the commandment of God with a promise of blessing his descendants. But the journey of settling at the Promised Land was not permanent. Isaac had to migrate due to famine and settle in the land of Gerar as an alien (Gen 26:2). It was during the migrating life of Jacob that God instructed to erect His first Church at Bethel. The tail end of Genesis becomes a curtain raiser to the Exodus episode of Israel's soteriological journey.

The Exodus journey for Israel was not just destined to attain liberation from slavery and the formation of nation into country. It was also the endless revelation of God's providence, the establishment of judicial system (*Deus est enim lex et legem Dei - God is law and law is God*) and the understanding of the pathos of widow, orphan and strangers (Deut 10:17-19).

The migrant and exile life of Israelites continues in the Historical and Prophetic book of the Bible. For instance, Daniel and his friends were captured by Nebuchadnezzar and taken to Babylon. There we could see the divine intervention of God throughout their life which also turned the polytheistic people of Babylon to have faith in the God of Israel. It was during the migrant era of Israel that the prophet Isaiah professed the coming of Christ, their redeemer. Some of the migration gifted the Israelite lineage new roots which equally shows the acceptance of Gentiles in the salvation of the world, one very fine example is Ruth.

In the Hebrew Bible (Old Testament) the value of migrant is not less in the sight of God. The migrants from non-Hebrew background were accepted, protected and given the right to flourish among the Hebrew people. It should be noted that it is through Hebrew migrants the non-Hebrew natives of the land witnessed the glory of God and turned back to the one true God of Israel.

In New Testament

New Testament gives hope to the people of Israel about the redeemer who shall fight against all odds and save the people of Israel from the clutches of Hellenistic culture and Roman Empire. But the Savior, who migrated Himself from His Divine kingdom and came in the midst of His own creation was not accepted. Our Savior's birth took place in a manger. Mary and Joseph who were travelling due to tax decree did not find home to welcome the redeemer in their midst. It is also interesting to know that the proclamation about the Savior's birth was first made to the Shepherds who were migrants moving from one place to another for the grazing of sheep.

According to St. Matthew's gospel the angel of God helps the Savior to flee from His own country to Egypt. Now the question arises, why does the Christ need to flee when He is capable of surpassing all challenges? In fact, it will be right to say it wasn't a flight to Egypt but an invitation by the Redeemer to the Egyptians that His coming is not just for His chosen people but for all.

During the public ministry of Christ, He lived typically like a migrant. He shares his humbleness when we read the gospel “The foxes have holes and birds of the air have nests, but the Son of Man has nowhere to lay His head” (Lk 9:58).

The parables of Jesus included the concern for subaltern class. One of the most notable parables related to the depressed class is Matthew 20:1-16 where our Savior clearly elucidated about the landowner who hires labor throughout the day for his vineyard. But at the end of the day he pays all equally, not showing favoritism to those who came early. Christ culminated the teaching with a perfect message that “the last will be first and the first will be last.”

The life of Christ was not for the rich but for those who were in rags. His teaching clearly denoted that the kingdom of heaven is for those who took care of Him by saying : “ For I was hungry and you gave me something to eat, I was thirsty and you gave me something to drink, I was a stranger and you invited me in, I needed clothes and you clothed me, I was sick and you looked after me, I was in prison and you came to visit me.… Truly I tell you, whatever you did for one of the least of these brothers and sisters of mine, you did for me.” (Matt 25:35-41)

The life of Christ was not like a king but later He was accepted and was titled as King of Israel on His cross. Soon after His death and resurrection many more believed in Him. He was accused because he lived with oppressed and marginalized of His time and the religious and political powers feared whether he might instigate an uprising of the poor. The Roman Official believed that Christ the leader of the migrant and sojourners would overthrow them through partisan power. On the other hand, the Jews were displeased with Him because He questioned the wrong cultic practices of Jews every now and then.

It will be right to say Christ was a Jew but neither the citizens nor He had any rights. He suffered and died so that we won’t face the same hardship and identity crises.

The last travel of Jesus was to Emmaus, to make His disciples recollect His teachings and to reveal His Divine nature to them. But the story doesn’t end here; the journey with risen Christ completes when the disciples came back and shared their experience with others. Some migration does give us an opportunity to retreat back to our origin and help and prepare others to understand about the forthcoming journey of our spiritual life.

Conclusion

As we celebrate Christmas this year let us not be in a gala mood. The birth of Christ was joyful to the entire universe but the process of self-emptying (*Kenosis*) was not that thrilling. Life of Christ among His own was not comfortable. Christ, the King without soldiers, a doctor without hospital compound, a teacher beyond classroom, a preacher without fixed podium. Christ is a true migrant, who went from place to place and did His work without any complaint, without any wages, did not bother about self-respect, did not aspire for a shelter, did not have any food security, did not complain of not having better clothes. Christ was contented because he didn’t come for Himself but for others. The *kenotic* journey which Christ took as a migrant teaches us a big lesson for us to aspire and determine for *theosis* journey.

Remember, Christmas has come so that we can live in Christ’s Easter.

കാർഷിക ബില്ലിലെ വ്യവസ്തകൾ ദുരൂഹം



അഡ്വ. ബിജു ഉമ്മൻ
(മലങ്കര ഓർത്തഡോക്സ് സഭാ അസോസിയേഷൻ സെക്രട്ടറി)

നടപടിക്രമങ്ങൾ മറികടന്നുകൊണ്ട് കേന്ദ്ര സർക്കാർ പാസ്സാക്കിയ കാർഷിക ബില്ലുകളുടെ ഉദ്ദേശശുദ്ധി സംശയാസ്പദമെന്നു മലങ്കര ഓർത്തഡോക്സ് സഭാ അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ. വ്യവസായ മേഖലയ്ക്ക് സമാനമായി കാർഷിക മേഖല ഉദാരവൽക്കരിക്കപ്പെടുമ്പോൾ ശാക്തീകരിക്കപ്പെടുന്നത് കോർപ്പറേറ്റുകളാണോ സാധാരണ കർഷകരാണോ എന്ന സംശയം ദുരീകരിക്കപ്പെടണം.

താങ്ങുവില ഇല്ലാതാകും, പ്രദേശിക ചന്തകൾ അസ്തമിക്കും, 85 ശതമാനത്തോളം വരുന്ന ചെറുകിട കർഷകർ പ്രതിസന്ധിയിലാകും, വിലപേശാൻ കർഷകർക്കുള്ള അവകാശം ദുർബലമാകും, കുത്തകകൾക്ക് നിയന്ത്രണമില്ലാതെ കാർഷിക ഉൽപ്പന്നങ്ങൾ ശേഖരിക്കുവാനുള്ള അവസരം സൃഷ്ടിക്കും. ഈ ആശങ്കകളെല്ലാം അങ്ങേയറ്റം ഗൗരവമുള്ളതാണ്.


കർഷകരുടെ ഉല്പാദന, വ്യാപാര, വാണിജ്യ(പ്രോത്സാഹന)ബിൽ കർഷക (ശാക്തീകരണം, സംരക്ഷണം) വിലസ്ഥിരതാ കാർഷികസേവന കരാർ ബിൽ, അവശ്യസാധന നിയമ ഭേദഗതി ബിൽ എന്നിവ രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന കർഷക മനസ്സുകളിൽ ആശങ്കയുടെ വിത്തുപാകിയിരിക്കുകയാണ് എന്ന യാഥാർത്ഥ്യത്തെ വിസ്മരിക്കരുത്. മണ്ണിനെ സ്നേഹിക്കുന്ന കർഷകനു മേൽ ലാഭം മാത്രം ലക്ഷ്യമാക്കുന്ന കുത്തകകൾക്ക് മേൽകൈ നൽകുന്നത് പരിസ്ഥിതി ധ്വംസത്തിനും വഴിതെളിക്കും. കർഷകരുടെ അംഗീകാരത്തോടെ നടപ്പാക്കാൻ കഴിയാത്ത നിയമങ്ങൾ ജനഹിതം മനസ്സിലാക്കി പിൻവലിക്കുകയാണ് ഉചിതമെന്നും അഡ്വ. ബിജു ഉമ്മൻ പ്രസ്താവിച്ചു.

കോതമംഗലം പള്ളി ഇന്നുവരി 8 – നകം കൈമാറാൻ ഉത്തരവ്; ഇല്ലെങ്കിൽ സിആർപിഎഫ് ഏറ്റെടുക്കണമെന്നും ഹൈക്കോടതി

കൊച്ചി: കോതമംഗലം മാർതോമാ ചെറിയ പള്ളി ഓർത്തഡോക്സ് സഭാംഗങ്ങൾക്കു ജനുവരി 8-നകം കൈമാറണമെന്നു ഹൈക്കോടതി നിർദേശം നൽകി. ഉത്തരവു നടപ്പാക്കിയില്ലെങ്കിൽ പള്ളിപ്പുറം സിആർപിഎഫ് ഗ്രൂപ്പ് സെന്റർ ഡപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ (ഡിഐജിപി) പള്ളിയും പരിസരവും ജംഗമ വസ്തുക്കളും ഏറ്റെടുക്കണം. പള്ളിക്കുള്ളിലും വളപ്പിലുമുള്ളവരെ നീക്കിയശേഷമാകണം നടപടി. തുടർ ഉത്തരവുണ്ടാകുന്നതു വരെയാണ് ഇതെന്നും ജസ്റ്റിസ് പി. ബി. സുരേഷ് കുമാർ ഉത്തരവിൽ പറയുന്നു. അസിസ്റ്റന്റ് സോളിസിറ്റർ ജനറൽ കോടതിയുടെ ഉത്തരവ് ഡപ്യൂട്ടി ഇൻസ്പെക്ടർ ജനറലിനെ അറിയിക്കണമെന്നും നിർദേശിച്ചു.

കോതമംഗലം മാർ തോമാ പള്ളി ഓർത്തഡോക്സ് സഭാംഗങ്ങൾക്കു കൈമാറണമെന്ന കോടതിവിധി നടപ്പാക്കിയില്ലെന്നു പരാതിപ്പെട്ടു നൽകിയ കോടതിയലക്ഷ്യ ഹർജിയിലാണു ഹൈക്കോടതിയുടെ നിർദേശം. ഇത്തരം ഉത്തരവ് നടപ്പാക്കുമ്പോൾ സർക്കാർ സംവിധാനം നേരിടുന്ന പ്രായോഗികമായ ബുദ്ധിമുട്ടുകളെക്കുറിച്ച് അറിയാമെന്നു കോടതി പറഞ്ഞു. എന്നാൽ, നിയമം ഉയർത്തിപ്പിടിക്കാനുള്ള ഉത്തരവ് നടപ്പാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുകൾ വഴിമാറണം. കേസിന്റെ സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ കോടതിനിർദേശങ്ങൾ പാലിക്കാത്തതു മനഃപൂർവമാണെന്നു കരുതുന്നു. കൂടുതൽ സമയം നൽകിയാൽ നിർദേശങ്ങൾ പാലിക്കുമെന്ന ഉറപ്പു സർക്കാർ നൽകിയിട്ടില്ലെന്നും കോടതി ചൂണ്ടിക്കാട്ടി. വിഷയം രമ്യമായി പരിഹരിക്കാൻ സഭാ നേതാക്കളുമായി മുഖ്യമന്ത്രി മുൻകയ്യെടുത്തു ചർച്ച നടത്തുകയാണെന്ന് ഹാജരാക്കിയ വസ്തുതകൾ സൂചിപ്പിക്കുന്നുണ്ടെന്നു കോടതി പറഞ്ഞു. എന്നാൽ, മധ്യസ്ഥ ശ്രമങ്ങൾ നടക്കുന്നതിനിടെ കോടതിയുടെ ഉത്തരവു നടപ്പാക്കേണ്ടെന്നു പരസ്പരം ധാരണയുണ്ടെന്നു യോഗങ്ങളുടെ മിനിറ്റ്സ് വ്യക്തമാക്കുന്നില്ല. സർക്കാരിന്റെ ആത്മാർഥമായ ശ്രമങ്ങളെ മനസ്സിലാക്കാനും ബുദ്ധിമുട്ടില്ല. എന്നാൽ, അത്തരം കാര്യങ്ങൾ നിയമപരമായ നടപടികൾ തുടരാൻ തടസ്സമാകരുത്. അല്ലെങ്കിൽ അത്തരമൊരു ധാരണയുണ്ടായിരിക്കണമെന്നും കോടതി പറഞ്ഞു.

വചനതീർത്ഥം



പരിഭ്രമിച്ച ഹൃദയത്തിന് ഉറപ്പ്

യൗസേപ്പിനുണ്ടായ വെളിപാടിന്റെ ഞായറാഴ്ച

(വി. മത്തായി 1:18–25)

ഫാ. വിനോദ് ജോർജ്

(മാനേജർ, വെട്ടിക്കൽ ദയറാ)

യേശുക്രിസ്തുവിന്റെ അമ്മ മറിയാമിനു വിവാഹം നിശ്ചയിക്കപ്പെട്ടിരുന്ന യോസേഫിനു കർത്താവിന്റെ ദൂതൻ നൽകുന്ന വെളിപാടാണ് ഇന്നത്തെ വി. വേദഭാഗം (വി. മത്തായി 1:18–25). പരിഭ്രമിച്ചിരുന്ന യൗസേഫിന്റെ ഹൃദയത്തിനു ഉറപ്പു വരുത്തി, അവനു സുസ്ഥിര ലക്ഷ്യം നൽകിയ ദിവ്യവെളിപാട്. വി. മറിയാമിന്റെ ഗർഭധാരണം സത്യത്തിന്റെ വൈരികളായ യൂദന്മാർ വിചാരിച്ച പ്രകാരം അവരിൽ നിന്നല്ല, എന്നു നീതിമാനായ യൗസേഫിനു സ്വപ്നരൂപത്തിൽ കർത്താവിന്റെ ദൂതൻ കൊണ്ടുവന്ന് അറിയിച്ച സുവിശേഷമായിരുന്നു ഇത്.

Personality – വ്യക്തിത്വം

വ്യക്തിത്വം അളക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പലതാണ്. Personality എന്നത് വ്യക്തികളുടെ ബാഹ്യരൂപം അളന്നു നോക്കിയല്ല വിലയിരുത്തേണ്ടത്. നീളം, വണ്ണം, നിറം ഇവയല്ല. ഹൃദയവും മനസ്സും ആത്മാവും എങ്ങനെയെന്ന് അറിയാൻ വാക്കും പ്രവൃത്തിയും ശ്രദ്ധിച്ചാൽ മതി.

മറ്റുള്ളവരെ വേദനിപ്പിക്കാതിരിക്കുക എന്നത് നല്ല വ്യക്തിത്വത്തിന്റെ അടയാളമാണ്. യൗസേഫ് നല്ല ഒരു Personality യുടെ ഉടമയായിരുന്നു. വി. മത്തായി 1:19 'യൗസേഫ് നീതിമാനാകകൊണ്ടും അവൾക്ക് ലോകാപവാദം വരുത്താൻ മനസ്സില്ലായ്കകൊണ്ടും...'. വി. വേദപുസ്തകം യൗസേഫിനു നൽകിയ വലിയ സാക്ഷ്യമാണിത്.

മറിയ യൗസേഫിനു വിവാഹം നിശ്ചയിക്കപ്പെട്ടശേഷം അവർ കൂടിവരും മുമ്പേ ഗർഭിണിയായി എന്നു കണ്ടു. അത് എങ്ങനെ സംഭവിച്ചു എന്നത് യൗസേഫ് അറിഞ്ഞിരുന്നില്ല. താൻ ഗർഭിണിയായത് ദൈവത്തിന്റെ അരുളപ്പാട് മുഖാന്തിരം പരിശുദ്ധാത്മാവിൽ ആണെന്നത് മറിയാമിനു മാത്രമേ അറിയുമായിരുന്നുള്ളു.

യൗസേഫിനു ഒരു Sadist ആകാമായിരുന്നു. Sadism എന്നതിന്റെ അർത്ഥം love of cruelty (ക്രൂരതയിൽ നിന്നു സന്തോഷം) എന്നതാണ്. മറ്റുള്ളവരെ വേദനിപ്പിച്ചും മറ്റുള്ളവർ വേദനിക്കുന്നത് അറിഞ്ഞിട്ടും സ്വയം സന്തോഷിക്കുന്ന വാസനാ വൈകൃതമാണിത്.

യഹൂദ നിയമമനുസരിച്ച്, മറിയാമിനെ പരസ്യമായി വിചാരണ ചെയ്യാനും സമൂഹമദ്ധ്യേ നിർത്തി കല്ലെറിയാനും യൗസേഫിനു സാധിക്കുമായിരുന്നു. മറിയാമിനെ പരസ്യമായി പരിഹസിക്കുവാനും ഉപദ്രവിക്കുവാനും അവസരം ലഭിച്ചെങ്കിലും അതിനു യൗസേഫ് തയ്യാറായില്ല. മറിയാമിനെ എങ്ങനെ രക്ഷിക്കും എന്നാണ് യൗസേഫ് ചിന്തിച്ചത്.

യൗസേഫ് നിരന്തരമായി വിളിക്കുന്ന ദൈവസന്നിധിയിൽ മുട്ടുകുത്തി പ്രാർത്ഥിച്ച് ഉത്തരം നേടി. ദൈവത്തിന്റെ തീരുമാനവും ഉത്തരവും യൗസേഫിനു ലഭിച്ചു. ഉറക്കത്തിൽ മാലാഖ പ്രത്യക്ഷപ്പെട്ട് യൗസേഫിന്റെ മനസ്സിനെ ഉറപ്പിക്കുന്നു.

നീതിമാൻ: ദൈവത്തിൽ പരിപൂർണ്ണ ആശ്രയം നിലനിർത്തുന്നവനാണ് ഒരു നീതിമാൻ. ജീവിതത്തിൽ ഉണ്ടാകുന്ന എല്ലാ അനുഭവങ്ങളും ദൈവത്തോട് ആലോചിച്ച്, അതിനുള്ള പ്രതികരണം നടത്തുന്നവരാണ് നീതിമാൻ എന്ന Category യിൽ ഉൾപ്പെടുന്നവർ.

വിവാഹം നിശ്ചയിക്കപ്പെട്ടശേഷം യൗസേഫും മറിയാമും കൂടിവരും മുമ്പേ അവൾ ഗർഭിണിയായി എന്നു കണ്ടു. സാമാന്യബുദ്ധിക്ക് യുക്തിസഹമല്ല ഇത്. പ്രപഞ്ചത്തിന് അതിന്റേതായ നിയമങ്ങളുണ്ട്. സാമാന്യബുദ്ധിക്കും പ്രപഞ്ചനിയമത്തിനും എതിരായി യൗസേഫ് നേരിട്ട അനുഭവത്തെ എത്ര പരിപക്വതയോടെയാണ് കൈകാര്യം ചെയ്യുന്നത്.

യൗസേഫ് നീതിമാനാകകൊണ്ട് ദൈവത്തോട് ആലോചിക്കാൻ തയ്യാറായി. ഈ അവസരത്തിൽ എങ്ങനെ പ്രതികരിക്കണമെന്ന് ദൈവത്തിന്റെ മുമ്പാകെ പ്രാർത്ഥനയും അപേക്ഷയും സമർപ്പിച്ച് കരഞ്ഞ യൗസേഫിനുണ്ടായ വെളിപാടാണിത്. വി. മത്തായി 1:20 'ദാവീദിന്റെ മകനായ യോസേഫേ, നിന്റെ ഭാര്യയായ മറിയാമിനെ ചേർത്തുകൊൾവാൻ ശങ്കിക്കേണ്ട, അവളിൽ ഉൽപ്പാദിതമായത് പരിശുദ്ധാത്മാവിൽ ആകുന്നു.'

ദൈവത്തിൽ പരിപൂർണ്ണമായി ആശ്രയിക്കുന്ന വ്യക്തികൾക്ക് ഉണ്ടാകുന്ന പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും ദൈവം തക്കതായ സമയത്ത് വേണ്ട നിർദ്ദേശം നൽകി അവരെ യഥാസ്ഥാനത്താക്കും. ദൈവത്തിലുള്ള ഭക്തിയും സമർപ്പണവും സമ്പൂർണ്ണമാകുന്നവർക്കാണ് നീതിമാൻ എന്ന നാമം ലഭിക്കുന്നത്.

വെളിപാട്: അജ്ഞാതമായിരിക്കുന്നത് വെളിപ്പെടുത്തുകയെന്നാണ് വാക്കുകൊണ്ട് സൂചിപ്പിക്കുന്നതെങ്കിലും, ക്രിസ്തീയ വേദശാസ്ത്രത്തിൽ അതിന് ആഴമായ അർത്ഥമുണ്ട്. വേദപുസ്തകത്തിൽ വെളിപാട് എന്നതുകൊണ്ട് അർത്ഥമാക്കുന്നത് സ്രഷ്ടാവായ ദൈവം തന്റെ സ്വഭാവം, പ്രവൃത്തി, ഹിതം, ലക്ഷ്യം എന്നിവ മനുഷ്യർക്കു വെളിപ്പെടുത്തിക്കൊടുക്കുന്ന അനുഭവത്തെയാണ്.

പരിമിതപ്രജ്ഞനായ മനുഷ്യന്, അപരിമേയനായ ദൈവത്തെ ശരിയായി മനസ്സിലാക്കുക സാധ്യമല്ല. അതുകൊണ്ടാണ് മനുഷ്യനു മനസ്സിലാക്കാവുന്ന വിധത്തിൽ ദൈവം സ്വയമായി വെളിപ്പെടുത്തുന്നത്. ദൈവം സ്വയം വെളിപ്പെടുത്തുമ്പോൾ അതിനനുസരണമായ പ്രതികരണം മനുഷ്യനിൽ നിന്നു അവിടുന്നു പ്രതീക്ഷിക്കുന്നു. വിശ്വാസത്തിന്റെയും അനുസരണത്തിന്റേതുമായ പ്രതികരണം.

മനുഷ്യന്റെ ജീവിതം, അവന്റെ സ്വന്ത ഇഷ്ടമോ ഭാവനയോ അനുസരിച്ചു ചിട്ടപ്പെടുത്തുവാനല്ല; ദൈവത്തിന്റെ വെളിപ്പാടിനനുസരിച്ച് അനുരൂപപ്പെടുത്തുവാനാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ദൈവത്തിന്റെ വെളിപ്പാടിൽ രണ്ടു കാര്യങ്ങൾ അടങ്ങിയിരിക്കുന്നു. ഒന്ന്, ദൈവത്തിന്റെ സ്വഭാവം. രണ്ട്, ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾ, ദൈവം അബ്രഹാമിനും മോശയ്ക്കും മറ്റും സ്വയം വെളിപ്പെടുത്തിയപ്പോൾ അവിടുന്ന് ആരാണെന്നും എന്തു ചെയ്തുവെന്നും, എന്തു ചെയ്യുമെന്നുമുള്ള കാര്യങ്ങൾ അറിയിച്ചു.

ദൈവത്തിൽ നിന്നു തന്നെ ഉത്തരം കിട്ടിയെങ്കിൽ മാത്രമേ തനിക്കു മുമ്പോട്ടു പോകുവാൻ സാധിക്കുകയുള്ളൂ എന്ന ബോധ്യം യൗസേഫിനു ഉണ്ടായിരുന്നു. നീതിമാൻ ആയതുകൊണ്ട് ദൈവത്തിന്റെ മറുപടിക്കാണ് യൗസേഫ് കാത്തു നിന്നത്. കർത്താവിന്റെ ദൂതൻ വെളിപ്പെടുത്തിയത് പൂർണ്ണമായി സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു.

വി. മത്തായി 1:24 'യൗസേഫ് ഉറക്കം ഉണർന്നു. കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ ചെയ്തു, ഭാര്യയെ ചേർത്തുകൊണ്ടു.' യൗസേഫിന്റെ ക്ഷമയെ പൂർത്തീകരിച്ചു കൃപ നിറഞ്ഞവളുടെ ശുശ്രൂഷയ്ക്ക് അവന്റെ മനസ്സിനെ ശക്തിപ്പെടുത്തിയ വെളിപാടാണിത്.

വിശുദ്ധിയിലും ഭക്തിയോടും പ്രാർത്ഥനാ ജീവിതമുള്ളവരായി ജീവിക്കുക. അവർക്ക് പല രൂപത്തിലും തരത്തിലും നല്ല വെളിപാടുകൾ ഉണ്ടാകും. ദൈവത്തോടുള്ള ആഭിമുഖ്യവും ദൈവിക രഹസ്യങ്ങളിലുള്ള പങ്കാളിത്തവും ഉറപ്പാക്കുന്നവർക്ക് ദൈവിക വെളിപാടുകൾ ഉണ്ടായിക്കൊണ്ടിരിക്കും. ❑


Church Calendar

A righteous husband

Annunciation to St. Joseph

Fr. Dr. Joshi Varghese, Bhilai

(Diocesan Education Officer & PRO, Calcutta Diocese)



Evening : St. John 6:30-46 Morning: St. John 6:30-46
Before Holy Qurbana: Genesis13: 1-11, Isaiah1: 2 - 9
Holy Qurbana: I Peter 2: 11 -17, Galatians1: 11-24, St. Matthew 1: 18-25

It is now the turn of Joseph to be visited by the angel. The angel states about Mary, to whom Joseph is betrothed, that 'the child conceived in her is from the Holy Spirit'. Angel's visit and Joseph's reaction to angel's visit and words are given in St.Matthew 1: 18-25.

a. My honour is in your hands

We read that "Joseph, being a righteous man and unwilling to expose her to public disgrace, planned to dismiss her quietly" (Mt 1:19). Joseph didn't want Mary to be the talk of the town. Gossiping has been a favourite pastime for many. Sometimes situation forces us to be in a company of people who may be gossiping about others. In such a situation, how do we respond? Some might easily join the slanderers and enjoy their gossips and even contribute to it. Those who are little more upright might remain mere listeners. Though they know what is being spoken of is completely false or merely intended to defame others, they would give their consent by remaining as mute spectators. But a minority might speak up and try to prove them wrong.It needs a little guts to stand up against it.

Those who want to put other people to disgrace attempt many methods. Some pass on unwarranted and unverified slanderous information to defame others. There are some who mix up half-truths with their own prejudices and present it as facts to put people to shame. Yet there are a few who might sound concerned about the subject, but share it with people who cannot help with the concern. The ultimate aim is to put the speaker on a high moral pedestal and the subject of gossip to public disgrace. The culture of slandering has almost taken over the news channels which rather try to satiate the gossip mongers with slanderous feed than present real facts and pressing needs of the society.The Word of God reminds us that "You shall not bear false witness against your neighbor" (Ex 20:16) and that "on the day of judgment you will have to give an account for every careless word you utter;" (Mt 12:36). Let's weigh our word before it's spoken and be 'slow to speak' (Js 1:19)

b. Joseph a Champion of Pro - life

Joseph was in a Catch-22 situation. He came to know that Mary was bearing a child who was not fathered by him. If he took Mary as his wife, he had to get rid of the 'manly ego' and be ready to be called as the father of someone's child. If he announced that the child is not his own, Mary would be stoned to death as per the Mosaic Law-"an unmarried woman can be stoned to death if she bears a child" (Deut 22:21). Joseph had the right to 'divorce' Mary accusing her of bearing a child of someone else. And this seemed to be the 'normal' practice any male of his culture followed. However after the intervention of the angel, Joseph decided to give up his idea to divorce Mary and instead took her as his wife.

Joseph's giving up of his rights was not like the decision of Esau to give away his birthright for 'bread and lentil stew' (Gen 25:29-34). Joseph gave up his right, so that the rights of the child in the womb and its mother are protected. According to a study by Lancet, in 2015 about 1.56 crore abortions were conducted in India alone. It means about one and half crore lives were destroyed. We believe that the life begins with conception, in the womb itself and not when a child comes out of the womb. It's shocking to see people talking about abortions very lightly without considering that it involves the life of a child. Joseph can be treated as the pioneer of Pro-life movement. Every couple should learn from Joseph how to uphold the value of the child to be born and its life.

c. Crisis is for growth!

Joseph was facing one of the worst crisis, a soon-to-be married man might face. He was making plans to face the crisis according to his knowledge and experience. The divine intervention gave him a new outlook. He was able to see the crisis in a different perspective and it helped him to arrive at a solution which was unthinkable before the divine intervention. It was God who helped him to come out of the precarious situation.

After the first recorded divine intervention, Joseph seems to have maintained a 'hotline connection' with God. There are three more references about how Joseph got God's guidance to walk through the difficult situations. He fled to Egypt to protect the new born as per the instructions of the angel ;"Now after they had left, an angel of the Lord appeared to Joseph in a dream and said…" (Mt 2:13). The return of the Holy Family to Israel was also based on angel's instructions; "…an angel of the Lord suddenly appeared in a dream to Joseph in Egypt and said…" (Mt 2:19). "After being warned in a dream, he went away to the district of Galilee(Mt2:22) and finally settled down at Nazareth. What an African poet wrote suits Joseph , ' When problems come, I try to pass by it; if it's not possible, I would walk through it, yes with God by my side, I would walk through it'. Joseph teaches us not to worry and rely too much on our wisdom or lack of it. "Commit your way to the Lord;trust in him, and he will act" (Psalm 37:5).

Conclusion

Joseph's vocation was one worthy of the admiration of heaven and earth. As God once walked in friendship with man, through St. Joseph, man once more walked with God. Through the intercession of St. Joseph let us pray for the fathers that they may imitate his fidelity and obedience and thereby encounter God in their marital and familial relationships.

Let us remind ourselves to keep away from speaking evil of others and also avoid situations that might cause people to be seen in disgrace. The life that throbs in a womb is as dear to God as one that walks on the earth. Hence we need to value and protect the life-buds in the womb. When life is faced with challenges instead of wailing 'why me?' let's say 'try me' as God is with me. ❑



Dr. Geevarghese Mar Yulios with the staff of Ayur-bethaniya, Ambalapuram, Thrissur.



ഡിസംബർ 6-ന് യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ യുടെ അദ്ധ്യക്ഷതയിൽ ചരിത്രമുറങ്ങുന്ന മുളന്തുരുത്തി മാർത്തോമൻ പള്ളിമേടയിൽ സമ്മേളിച്ച ഇടവക മാനേജിങ് കമ്മിറ്റി യോഗത്തിനു ശേഷം ഇടവക വികാരി, സഹവികാരി, സഭയിലെ സീനിയർ വൈദി കനും ഇടവകാംഗവുമായ വൈദികൻ, ട്രസ്റ്റിമാർ, സെക്രട്ടറി, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ എന്നിവർ ഭദ്രാസന മെത്രാപ്പോലീത്തായോടൊപ്പം.



ദൈവാശ്രയമുള്ള തലമുറ സഭയുടെ ശോഭന ഭാവി : മാർ നിക്കോദീമോസ്

റാന്നി: അഖില മലങ്കര ബാലസമാജം ഡിസംബർ 6-ന് ബാലദിനം ആച രിച്ചു. വി. യോഹന്നാൻ മാംദാനായുടെ ജനന ദിവസമാണ് സഭ ബാലദിന മായി ആചരിക്കുന്നത്. അന്നേ ദിവസം രാവിലെ പ്രസ്ഥാനം പ്രസിഡന്റ് അഭി. ഡോ. ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്താ വടശ്ശേരിക്കര വി. മർത്ത മറിയം തീർത്ഥാടന പള്ളിയിൽ വി.കുർബ്ബാന അർപ്പിക്കുകയും തുടർന്ന് വികാരി ഫാ. വി. എ. സ്റ്റീഫന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ബാലദിന സമ്മേളനം ഉദ്ഘാ ടനം ചെയ്യുകയും ചെയ്തു. സഖറിയ പുരോഹിതന്റെയും എലിസബേത്തി ന്റെയും പ്രാർത്ഥനയുടെയും കാത്തിരിപ്പിന്റെയും മറുപടിയായി ജനിച്ച വി. യോഹന്നാൻ മാംദാനായെ പോലെയുള്ള അനുഗ്രഹീത തലമുറയായിരിക്കും വി.സഭയുടെ ശോഭനമായ ഭാവി രൂപപ്പെടുത്തുന്നത് എന്ന് മെത്രാപ്പോലീത്ത പറഞ്ഞു.

നിലയ്ക്കൽ ഭദ്രാസന ബാലസമാജം മുൻ വൈസ്പ്രസിഡന്റും ഇടവകാം ഗവുമായ ഫാ. എബി വർഗീസ് ആശംസ അർപ്പിച്ചു. ഇടവക സെക്രട്ടറി ശ്രീ. അനു വർഗീസ് സ്വാഗതവും ഇടവക സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർ ജോസി അടിയത്ത് കൃതജ്ഞതയും രേഖപ്പെടുത്തി.

ഓർമ്മചിത്രം



പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ (പ. പൗലോസ് രണ്ടാമൻ കാതോലിക്കാ ബാവ) 1985-ൽ കുന്നംകുളം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായി കുന്നംകുളത്തേക്ക് എഴുന്നള്ളിയ പ്പോൾ.

വിവാദ ബിൽ പിൻവലിക്കണം

നമ്മളെ അന്നമൂട്ടുന്ന കർഷകർ ദിവസങ്ങളായി നടത്തുന്ന സമരത്തിന് നേരെ മുഖം മറക്കുവാൻ ആർക്കും സാധ്യമല്ല. രാജ്യത്തിന്റെ വിശപ്പ് അകറ്റുന്ന ആയിരക്കണക്കിനു കർഷകരാണ് കൊടും ശൈത്യത്തിൽ രാജ്യതലസ്ഥാനത്ത് ദിവസങ്ങളായി താമസിച്ചു സമരം ചെയ്യുന്നത്. ഇത് ഉപജീവനമാർഗങ്ങൾ മുട്ടിപോകാതിരിക്കാനുള്ള അതിജീവനത്തിന്റെ സമരമാണ്. കർഷകരെ സ്നേഹിക്കുന്നവരും പ്രകൃതിയെ സ്നേഹിക്കുന്നവരും ഒരുപോലെ കർഷകരെ പിന്തുണയ്ക്കുന്നു. കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിയ പുതിയ കാർഷിക നിയമങ്ങൾ പിൻവലിക്കണമെന്നാണ് കർഷകരുടെ ആവശ്യം. കൃഷി നശിക്കുവാനും കൃഷിയിടങ്ങൾ ഇല്ലാതാക്കുവാനും കർഷകർ കഷ്ടത്തിൽ ആകുവാനും രാജ്യത്തിന്റെ ജൈവവൈവിധ്യം നശിക്കുവാനും ഇടയാക്കുന്നതാണ് പുതിയ കാർഷിക നിയമങ്ങളിലെ വ്യവസ്ഥകൾ എന്നു മനസ്സിലാക്കുന്നു. രാഷ്ട്രീയ വിവാദങ്ങളിലേക്ക് കടക്കുവാനോ ഏതെങ്കിലും പക്ഷം പിടിക്കുവാനോ ഞാനില്ല. ഈ വിവാദത്തിലെ ഏറ്റവും പ്രധാന കക്ഷികൾ കർഷകർ തന്നെയാണ്. അവരുടെ ആവശ്യങ്ങൾക്ക് നേരെ കണ്ണടയ്ക്കാൻ പാടില്ല. വിവാദ നിയമങ്ങൾ പിൻവലിക്കണമെന്ന് ഒറ്റക്കെട്ടായി രാജ്യത്തെ കർഷകർ ആവശ്യപ്പെടുന്നു. അവരുടെ ആവശ്യം അംഗീകരിച്ച് ബില്ലുകൾ പിൻവലിക്കാൻ സർക്കാർ തയ്യാറാകണം.

ഫാ. ഡോ. എം. ഒ. ജോൺ
വൈദിക ട്രസ്റ്റി, മലങ്കര ഓർത്തഡോക്സ് സഭ




ഫാ. കെ. കെ. വർഗ്ഗീസ് നിര്യാതനായി

കോട്ടക്കുഴി സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകാംഗവും, കുണ്ടറ സെമിനാരി മാനേജരുമായ ഫാ. കെ. കെ. വർഗീസ് (86) നിര്യാതനായി. ചീരാങ്കാവിൽ കടയിൽ കുടുംബാംഗമാണ്. മലങ്കര ഓർത്തഡോക്സ് സഭയുടെ വിവിധ ദൈവാലയങ്ങളിൽ ശുശ്രൂഷ അനുഷ്ഠിച്ചിട്ടുണ്ട്. യാക്കാര സെന്റ് മേരീസ്, മുതുകുറുശ്ശി സെന്റ് ജോർജ്, കരിമ്പ സെന്റ് ജോൺസ്, പുതിയകാവ് സെന്റ് മേരീസ്, പത്തനാപുരം സെന്റ് ലാസർ, മങ്കുഴി സെന്റ് ജോർജ്, ചുനക്കര സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ്, പെരിനാട് സെന്റ് തോമസ്, തോനയ്ക്കാട് സെന്റ് ജോർജ്, പുത്തൂർ കാരിക്കൽ സെന്റ് ജോർജ്, മാറനാട് സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ്, തേവലപ്പുറം സെന്റ് ജോർജ്, കരിപ്പുറം സെന്റ് ഗ്രീഗോറിയോസ്, കുണ്ടറ സെമിനാരി തുടങ്ങിയ ദൈവാലയങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

"നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല."

- പ. പരുമല തിരുമേനി



ഫാ. സി. സി. ചെറിയാൻ എഴുതിയ Walk the way എന്ന പുസ്തകം പ. കാതോലിക്കാ ബാവാ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ വച്ച് പ്രകാശനം ചെയ്തു.



ഫാ. ടി. സി. ജോണിന് യാത്രയയപ്പ് നൽകി

മാവേലിക്കര: കഴിഞ്ഞ എട്ട് വർഷക്കാലം എം. എസ് സെമിനാരിയിൽ മാനേജരായും, വികാരിയ ലയും സേവനമനുഷ്ഠിച്ച് പ്രായാധിക്യത്താൽ വിശ്രമജീവിതത്തിലേക്ക് കടക്കുന്ന ഫാ. ടി. സി. ജോണിന് 06-12-2020 ഞായറാഴ്ച്ച വിശുദ്ധ കുർബാനക്ക് ശേഷം പള്ളിയിൽ കൂടിയ യോഗത്തിൽ യാത്രയയപ്പ് നൽകി.

സെമിനാരി വികാരി ഫാ. ഷാജി മുകടിയിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഇടവക വികാരി ഫാ. എബി ഫിലിപ്പ്, സഹ വികാരി ഫാ. ജോയ്സ് വി. ജോയി, യുവജന പ്രസ്ഥാന സെക്രട്ടറി ജോൺ ബാബു, വനിതാ സമാജ സെക്രട്ടറി റോസമ്മ ജോസഫ്, ജോർജ് ഫിലിപ്പ്, ശമുവേൽകുട്ടി, റജി ജേക്കബ് എന്നിവർ ആശംസകൾ അറിയിച്ചു.



വൈ.എം.സി.എ പത്തനംതിട്ട സബ് റീജിയൺ ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട അഡ്വ. ബാബുജി കോശി. ചന്ദനപ്പള്ളി സെന്റ് ജോർജ് വലിയപള്ളി ഇടവകാംഗമാണ്.